മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 04 No. 08 | THE ONLINE OFFICIAL NEWS BULLETIN | 2021 February 20

SEASON OF GREAT LENT | വലിയ നോമ്പുകാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
21  ♪2 hadbšabo d Garbo (Leper) 2nd Sunday of Great Lent	22 ♪6	23  ♪2 Comme. of St. Policarp; 87th Comme. of St. Dionysius Vattasseril (Kottayam old seminary); 13th Memorial of Thomas Mar Makarios Metropolitan (Devalokam)	24  ♪6 Comme. of Apostle St. Mathew the Evangelist	25 ♪2	26 ♪6	27 ♪2



പഠനവും പരീക്ഷയും സ്മാർട്ടാക്കി ഓർത്തോഡോക്സ് സഭാ സൺഡേ സ്കൂൾ

കോട്ടയം: അദ്ധ്യാപനം, പഠനം, പരീക്ഷ നടത്തിപ്പ് എന്നിവയിൽ പൂർണ്ണ ഡിജിറ്റൽ വൽക്കരണം നടപ്പാക്കി ഓർത്തഡോക്സ് സഭാ സൺഡേ സ്കൂൾ അസോസിയേഷൻ. കോവിഡ്-19ന്റെ സാഹചര്യത്തിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഒരുമിച്ചിരുന്ന് വേദപഠനം സാധ്യമാവത്തെ വന്നതോടെയാണ് സഭ ഓൺലൈൻ പഠന മാർഗങ്ങൾ തേടിയത്. ചുരുങ്ങിയ സമയത്തിനുള്ളിൽ ബാലപാഠ ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസ്സുകൾ വഴിയും പ്രീ റെക്കോർഡഡ് വീഡിയോ ക്ലാസ്സുകളുടെ സഹത്തിലൂടെയും പഠന പ്രവർത്തനങ്ങൾ പുനഃസ്ഥാപിക്കുവാൻ കഴിഞ്ഞു.

അമേരിക്കൻ സോഫ്റ്റ്വെയർ കമ്പനിയായ സി ക്യൂബസ് വികസിപ്പിച്ച മൊബൈൽ ആപ്പിന്റെ സഹായത്തോടുകൂടി 2020 വാർഷിക പരീക്ഷ 5 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ 47000 തോളം വരുന്ന വിദ്യാർത്ഥികൾക്ക് നടത്തി.

ഓൺലൈൻ വിദ്യാഭ്യാസ മേഖലയിൽ അനുകരണീയ മാതൃകകളാണ് സൺഡേ സ്കൂൾ അസോസിയേഷന്റെ പ്രവർത്തനങ്ങളെന്ന് പ. കാതോലിക്കാ ബാവാ പറഞ്ഞു.

https://ossaebodhanam.org/ എന്ന വെബ്സൈറ്റിലൂടെ വീഡിയോ ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് നേതൃത്വം നൽകിയ മലയാളി പ്രവാസിയും കുവൈത്ത് ഇടവകാംഗവുമായ ഷെറി കുര്യനെയും ഓൺലൈൻ പരീക്ഷയ്ക്ക് മൊബൈൽ ആപ്പ് വികസിപ്പിച്ച സി ക്യൂബസ് (ZCubes) കമ്പനി പ്രൊഡക്ട് ആർക്കിടെക്റ്റ് വരുൺ കെ ജോർജിനെയും പരിശുദ്ധ കാതോലിക്കാ ബാവാ മൊമെന്റോ നൽകി ആദരിച്ചു. മത്സര പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെയും പരിശുദ്ധ കാതോലിക്കാ ബാവാ അനുമോദിച്ചു.

സൺഡേ സ്കൂൾ അസോസിയേഷൻ പ്രസിഡന്റ് ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത, ഡയറക്ടർ ഫാ. ഡോ. വർഗ്ഗീസ് വർഗ്ഗീസ്, പബ്ലിക്കേഷൻ ഓഫീസർ പ്രഫ. ചെറിയാൻ തോമസ്, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.



പരുമല സെൻറ് ഗ്രീഗോറിയോസ് ഇന്റർനാഷണൽ കാർഡിയോതൊറാസിക് സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടനം പ. കാതോലിക്കാ ബാവാ നിർവഹിച്ചു. യോഗത്തിൽ നിരണം ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അധ്യക്ഷത വഹിച്ചു. മലങ്കര കത്തോലിക്ക സഭ തിരുവല്ല അതിരൂപത അദ്ധ്യക്ഷൻ ഡോ. തോമസ് മാർ കൂറിലോസ്, സി.എസ്.ഐ മധ്യകേരള ബിഷപ്പ് ഡോ. സാബു കെ ചെറിയാൻ, കോട്ടയം മെഡിക്കൽ കോളേജ് കാർഡിയോളജി വിഭാഗം മേധാവി ഡോ. ജയകുമാർ, മെത്രാപ്പോലീത്തമാർ എന്നിവർ സന്നിഹിതരായിരുന്നു.




23-ാമത് മാവേലിക്കര ഓർത്തഡോക്സ് കൺവൻഷൻ മാവേലിക്കര തെയോ ഭവൻ അരമനയിൽ അലക്സിയോസ് മാർ യൗസേബിയോസ് മെത്രപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു. ഫാ. വി.എം. മത്തായി വിളനിലം, ഭദ്രാസന സെക്രട്ടറി ഫാ. ജോൺസ് ഈപ്പൻ, ഫാ. എബി ഫിലിപ്പ്, മുഖ്യ പ്രഭാഷകൻ ഫാ. അജി കെ. തോമസ്, ഫാ. ഡി. ഗീവർഗീസ്, ഫാ. ബിജി ജോൺ, ട്രഷറാർ കെ. ജെ. ജോർജ് എന്നിവർ സമീപം.

പിറവം സ്കൂൾ കേസ്

കൊച്ചി: പിറവം വലിയ പള്ളിയുടെ കീഴിലുള്ള എം.കെ.എം. ഹയർ സെക്കണ്ടറി സ്കൂളിന്റെ ഉടമസ്ഥതക്കു വേണ്ടി വിഘടിത വിഭാഗം നൽകിയ ഹർജി ഹൈക്കോടതി തള്ളി.

എനിക്കു മനസ്സുണ്ട്; ശുദ്ധമാക!

ഡോ. ഗീവർഗീസ് മാർ യൂലിയോസ്



ഭക്ഷണമോഹത്താൽ പറുദീസയിൽ നിന്നും നിഷ്കാസിതനായ ആദാമിന്റെ അവസ്ഥയിൽ നിന്നും മാറി ദൈവവചനമാകുന്ന ഭക്ഷണം ആസ്വദിച്ച് പാപക്കറകളെ കഴുകികളഞ്ഞ് ആത്മ-ശരീര-മനസ്സുകളെ പ്രോജ്ജ്വലിപ്പിക്കുന്ന അനുഭവത്തിൽ രക്ഷാകരമായ വലിയ നോമ്പിന്റെ ആദ്യ ആഴ്ച പിന്നിടുവാൻ നമുക്ക് സാധിച്ചുവെന്ന് കരുതട്ടെ.

നോമ്പിന്റെ അനുഷ്ഠാനങ്ങൾ ആത്മപ്രശംസയ്ക്കോ മറ്റുള്ളവരുടെ മുന്നിൽ വിളങ്ങേണ്ടതിനോ ആകരുത് എന്ന് പ്രവാചകന്മാരും പിതാക്കന്മാരും ഒരുപോലെ നമ്മെ ഓർമ്മിപ്പിക്കുന്നതിനാൽ അതീവ ശ്രദ്ധയോടും പൂർണ്ണ ദൈവാശ്രയത്തോടും കൂടെയായിരിക്കണം നാം നോമ്പ് ആചരിക്കുന്നത്. ശരീരം ഭക്ഷണത്തെ വെടിയുമ്പോൾ ഇന്ദ്രിയങ്ങൾ സർവ്വ തിന്മകളെയും വെടിയുകയും അങ്ങനെ മനസ്സ് നിർമ്മലമാവുകയും അപ്പോൾ ആത്മാവ് നമ്മിൽ പ്രകാശിതമാവുകയും ചെയ്യുമെന്ന അടിസ്ഥാനതത്വം എപ്പോഴും ഓർക്കണം. ആത്മ-ശരീര-മനസ്സുകളെ എങ്ങനെ വിശുദ്ധിയിൽ നിലനിർത്താമെന്ന് നമ്മുടെ കർത്താവ് പഠിപ്പിക്കുന്ന ഭാഗങ്ങളായിരുന്നുവല്ലോ ആദ്യ ആഴ്ചയിലെ വി. ഏവൻഗേലിയോനുകൾ. ഗിരിപ്രഭാഷണം എന്ന് അറിയപ്പെടുന്ന കർത്താവിന്റെ പഠിപ്പിക്കലുകളുടെ ക്രോഡീകരണമായി വി. മത്തായി ശ്ലീഹായുടെ സുവിശേഷം 5, 6, 7 അദ്ധ്യായങ്ങളും സമാന്തരങ്ങളായ മറ്റു സുവിശേഷഭാഗങ്ങളും ശ്രേഷ്ഠമായ ആരാധനയുടെ മദ്ധ്യേ കർത്താവിന്റെ ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ കൽപനകളായി നാം കേൾക്കുകയും സ്വീകരിക്കുകയും ചെയ്തുവെങ്കിൽ സ്വർഗ്ഗീയ പിതാവ് സൽഗുണ സമ്പൂർണ്ണനായിരിക്കുന്നതുപോലെ നാമും സൽഗുണ പൂർണ്ണരാകുവാൻ ഇടയാകണം.

ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട; എന്നാൽ ദേഹത്തെയും ദേഹിയെയും നിത്യനരകത്തിൽ എത്തിക്കുന്ന അവസ്ഥയെയാണ് നിങ്ങൾ പേടിക്കേണ്ടത് എന്ന മുന്നറിയിപ്പും നമുക്ക് നൽകുന്നു (വി. മത്തായി 10:28).

"പ. നോമ്പിനെ തന്റെ ഐഹിക ജീവിതത്താൽ ഞങ്ങളെ പഠിപ്പിച്ച മശിഹാതമ്പുരാനെ!" എന്ന സംബോധനയോടെയാണ് പ്രാർത്ഥനകൾ നാം ഉരുവിടുന്നത്. വി. 40 നോമ്പിനാൽ മോശ ന്യായപ്രമാണ കൽപനകളെ പ്രാപിച്ചു; ഏലിയാ പൂർണ്ണത പ്രാപിച്ചു; പ്രവാചകന്മാരുടെ നാഥനായ ക്രിസ്തു ആകൽകറുസ്സായെ അടിമപ്പെടുത്തി വൈരിയായ പിശാചിനെ തോൽപിച്ച് ഓടിച്ചു. "മായാമോഹങ്ങളെ പൂർണ്ണമായി അകറ്റി ശരീരത്തെ ക്ഷീണിപ്പിച്ച് വിനയപ്പെടുത്തി ആത്മാവിനെ പ്രശോഭിപ്പിക്കുന്ന വി. നോമ്പേ സമാധാനത്തോടെ വരിക!" എന്നതാകട്ടെ ഈ ദിനങ്ങളിലെ പ്രാർത്ഥന.

മേഥുശലേഹ് വി. നോമ്പിനാൽ ശ്രേഷ്ഠത പ്രാപിച്ചതും ശേത്തും, ഹാനോക്കും, നോഹയും വി. നോമ്പിനാൽ രക്ഷ പ്രാപിക്കുകയും ജനതയെ രക്ഷയിലേക്ക് നയിച്ചതും നോമ്പിനാൽ അബ്രഹാം വിഗ്രഹാരാധനയിൽ നിന്നും സത്യ ഏകദൈവ ആരാധനയിലേക്ക് ലോകത്തെ തിരിച്ചതും നോമ്പിനാൽ ലോത്ത് സോദോമിലെ അഗ്നിയിൽ നിന്നും രക്ഷ പ്രാപിച്ചതും നീതിമാനും വിശുദ്ധനുമായ യാക്കോബ് നോമ്പിനാൽ ശ്രേഷ്ഠത പ്രാപിച്ച് ദൈവദൂതനോട് പോരാടുവാൻ പ്രാപ്തനാവുകയും സ്വർഗ്ഗത്തിലേക്കുള്ള ഗോവണിയായ രക്ഷകന്റെ ആഗമനത്തെ ദീർഘദർശനം ചെയ്തതും പുണ്യവാനായ യൗസേപ്പ് വിശുദ്ധിയിലും നിർമ്മലതയിലും അലങ്കരിക്കപ്പെടുകയും പുരോഹിതനായ അഹറോൻ വി. നോമ്പിനാൽ പൗരോഹിത്യത്തിന്റെ അങ്കി ധരിപ്പാൻ പ്രാപ്തനായതും ഫിനഹാസ് ദൈവകോപത്തെ ഛേദിച്ചുകളഞ്ഞതും യോശുവാ യെരീഹോ പട്ടണത്തിന്റെ കോട്ടകളെ തകർത്തതും രാജാവും പ്രവാചകനുമായ ദാവീദിന്റെ പാപങ്ങൾ നോമ്പിനാലും ഉപവാസത്തോടെയുള്ള അനുതാപത്താലും പരിഹരിക്കപ്പെട്ടതും ഏലിയാ വി. നോമ്പിനാൽ ഹോറേബിലെത്തിയതുമെല്ലാം ഈ ദിവസങ്ങളിൽ നാം ധ്യാനിക്കുന്നു.

വി. നോമ്പിനാൽ ശുദ്ധീകരിക്കപ്പെട്ട ഏലീശായുടെ അസ്ഥികൾ മരിച്ചവനെ ഉയിർപ്പിക്കുവാൻ ശക്തിയുള്ളതായി തീർന്നുവെന്നും ഹനനിയാ ആദിയായ പൈതങ്ങൾ നോമ്പിനാൽ അഗ്നിച്ചൂളയെ കെടുത്തിയെന്നും ദാനിയേൽ സിംഹകുഴിയിൽ നിന്നും യോനാ സമുദ്ര മത്സ്യത്തിൽ നിന്നും യിരമിയാ പ്രവാചകൻ ചെളികുണ്ടിൽ നിന്നും രക്ഷപ്രാപിച്ചുവെന്നും വി. പിതാക്കന്മാർ നമ്മെ ഓർപ്പിക്കുന്നു!

മണ്ണ് (Earth), ജലം (Water), വായു (Air), അഗ്നി (Fire), ആകാശം (Aether) എന്നീ അടിസ്ഥാന പഞ്ചമൂലകങ്ങളാലാണ് പ്രപഞ്ചസൃഷ്ടി എന്ന് ഭാരതീയ തത്വശാസ്ത്രവും ഒപ്പം ബാബിലോണിയൻ-ഗ്രീക്ക്, ജാപ്പനീസ് തത്വചിന്തകളും ഒരുപോലെ സാക്ഷ്യപ്പെടുത്തുന്നു. "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചുവെന്ന്" വി. വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നു. ഭൂമിയിൽ മണ്ണ്, വെള്ളം, വായു, അഗ്നി എന്നിവ ഉണ്ടെന്നും കാണുന്നു എന്നു മാത്രമല്ല മണ്ണു കുഴച്ച് ഒരു മനുഷ്യനെ സൃഷ്ടിച്ച് അവനിൽ ശ്വാസം ഊതി എന്നും വായിക്കുന്നു. അവന്റെ മനസ്സ് അഥവാ ചിന്താമണ്ഡലം അഗ്നിയും അവന്റെ ആത്മഭാവം ആകാശം അഥവാ സ്വർഗ്ഗവുമാണെന്ന് വചനത്തിൽ ഉടനീളം കാണുന്നുമുണ്ട്.

സ്രഷ്ടാവായ ദൈവം സൃഷ്ടിയുടെ രൂപത്തിലേക്ക് ഇറങ്ങിവന്ന് 'മണ്ണാൽ മെനയപ്പെട്ട' ആദമിനെ അവന്റെ പാപാവസ്ഥയിൽ നിന്നും ഉദ്ധരിച്ചുവെന്നത് വി. നോമ്പിലെ അടിസ്ഥാന ചിന്തകളിൽ ഒന്നാണ്. മനുഷ്യ ആകൃതി സ്വീകരിച്ച കർത്താവ്, കനി തിന്ന് അത്യാഗ്രഹത്താൽ മരിച്ചുപോയവനെ ജീവിപ്പിച്ച് തന്റെ രൂപത്തെ പുതുക്കുകയും വീണുപോയ മനുഷ്യസ്വഭാവത്തെ ഉയർത്തുകയും ചെയ്യുന്നു. ഭൂമിയിൽ ചതുർഭൂതങ്ങളാൽ നിർമ്മിതനായ മനുഷ്യൻ സ്വർഗ്ഗോന്നതി പ്രാപിക്കുന്നതിനു മുമ്പ് താഴ്ചയിൽ ആയപ്പോൾ സ്രഷ്ടാവ് ആ താഴ്ചയിലേക്ക് ഇറങ്ങി വരികയും അവനെ കോരിയെടുക്കുകയും ചെയ്യുന്നു. വീഴ്ചയാൽ ബലഹീനത പ്രാപിച്ച ചതുർഭൂതങ്ങളെ തന്റെ വി. നാൽപ്പതു നോമ്പിനാൽ ശക്തിപ്പെടുത്തുവാനായി നാലിന്റെ പത്തിരട്ടിയായ നാൽപതിനാൽ അവൻ ശുദ്ധീകരിച്ച് ദൃഢീകരിച്ചുവെന്നാണ് പിതാക്കന്മാർ നൽകുന്ന വ്യാഖ്യാനം. നാൽപതു നോമ്പും നാൽപതു കുമ്പിടീലും ഒക്കെ ഈ വ്യാഖ്യാനത്തിൽ അർത്ഥമുള്ളതാകുന്നു.

"കർത്താവേ! ഞങ്ങളുടെ നോമ്പും പ്രാർത്ഥനകളും ശുശ്രൂഷകളും, നോമ്പാൽ നിനക്ക് ഇഷ്ടന്മാരായിത്തീർന്ന സിദ്ധന്മാരുടെയും, സൽക്രിയകളാലും പ്രാർത്ഥനകളാലും നിന്നെ പ്രീതിപ്പെടുത്തിയ വ്രതനിഷ്ഠക്കാരുടെയും പുണ്യശുശ്രൂഷകളോടൊന്നിച്ച് കൈകൊള്ളപ്പെടുമാറാകണമെ" എന്ന ഹൂത്തോമോ പ്രാർത്ഥനയോടെയാണ് നോമ്പിലെ ആദ്യവാരം അവസാനിക്കുന്നത്.

വി. നോമ്പിന്റെ ഈ വലിയ പാരമ്പര്യത്തെ പ. സഭയുടെ ആരാധന ജീവിതത്തിലേക്ക് ഉയർന്ന വേദശാസ്ത്ര ചിന്തകളടങ്ങിയ അതിമനോഹര സംഗീതശാസ്ത്രത്താൽ സന്നിവേശിപ്പിച്ച പ. റൂഹായുടെ കിന്നരമെന്ന് അറിയപ്പെടുന്ന വി. അപ്രേമിന്റെയും പ. ദേവാലയത്തിന്റെ അളവുകളും വിരിപ്പുകളും ചമയങ്ങളും ഒരുക്കുവാൻ അതീവ നൈപുണ്യം കാണിച്ച മാർ തേവോദോറോസ് സഹദായുടെയും സംയുക്ത ഓർമ്മപെരുന്നാൾ ആഘോഷിച്ചുകൊണ്ടാണ് ശനിയാഴ്ച നാം വി. കുർബാന അർപ്പിച്ചത്. വി. നോമ്പിന്റെ ആദ്യ വാരാന്ത്യത്തിൽ ഓർക്കപ്പെടുവാൻ ഏറ്റവും അനുയോജ്യരായ പിതാക്കന്മാരാണ് ഇവർ എന്ന് അവരുടെ ചരിത്രം പഠിക്കുമ്പോൾ മനസ്സിലാക്കാം.

'മനുഷ്യരോടുള്ള സ്നേഹം മൂലം ഭൂവാസികളുടെ രോഗങ്ങളെയും കറകളെയും ഇല്ലാതാക്കുവാൻ' ഇറങ്ങിവന്നവൻ തന്റെ പരസ്യശുശ്രൂഷയുടെ ഭാഗമായി കുഷ്ഠരോഗികൾക്കും, പക്ഷവാതരോഗികൾക്കും, വിവിധ രീതികളിൽ പാർശ്വവൽക്കരിക്കപ്പെട്ടവർക്കും മുടന്തനും കുരുടനും കൂനിയ്ക്കും എല്ലാം സൗഖ്യം കൊടുക്കുന്ന സംഭവങ്ങളാണ് തുടർന്നുള്ള ദിവസങ്ങളിലെ ധ്യാനചിന്തകൾ.

പകരുന്നതും മാരകമായ രൂപഭംഗം ഉണ്ടാകുന്നതുമായ കുഷ്ഠരോഗം ഒരു മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വലിയ ശിക്ഷയും ശാപവുമായി എണ്ണുകയും അവനെ സമൂഹത്തിൽ നിന്നും ഏറെ ദൂരെ നിർത്തുകയും ചെയ്തിരുന്ന കാലത്താണ് കർത്താവ് അവന്റെ അടുക്കൽ എത്തുന്നത്. സാക്ഷാൽ സ്വർഗ്ഗീയ വൈദ്യനായ കർത്താവേ! എന്നാണ് പിതാക്കന്മാർ സംബോധന ചെയ്യുന്നത്.

പരസ്യശുശ്രൂഷയുടെ പ്രാരംഭത്തിൽ തന്റെ സ്വന്ത പട്ടണക്കാർ അവനെ സ്വീകരിക്കാതിരിക്കുകയും വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നത് നാം കണ്ടുവല്ലോ. അവരുടെ അവിശ്വാസം നിമിത്തം അവിടെ യാതൊന്നും പ്രവർത്തിക്കുവാൻ അവന് കഴിഞ്ഞില്ല എന്നും വായിക്കുന്നു. എന്നാൽ കഠിനമായ കുഷ്ഠരോഗം ബാധിച്ച മനുഷ്യൻ തന്റെ സ്രഷ്ടാവിനെ തിരിച്ചറിയുന്നു. തന്റെ രോഗത്തെ സൗഖ്യമാക്കുവാൻ അധികാരമുള്ളവനാണ് മുന്നിൽ നിൽക്കുന്നത് എന്ന തിരിച്ചറിവോടെയാണ് 'നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ നിനക്കു കഴിയും' എന്ന് അവൻ വിശ്വസിച്ച് യാചിക്കുന്നത്. പാപത്താൽ വിരൂപമാക്കപ്പെട്ട സൃഷ്ടിയുടെ പ്രതീകമാണ് ആ കുഷ്ഠരോഗിയും അവന്റെ പ്രാർത്ഥനയും. കർത്താവ് അവനിലേക്ക് ചെന്ന് കൈ നീട്ടി അവനെ തൊട്ട് 'എനിക്ക് മനസ്സുണ്ട്; നീ ശുദ്ധമാവുക' എന്ന് കൽപിക്കുന്നു!

അവനിൽ വിശ്വസിച്ച് അവനോട് യാചിക്കുവാനും അങ്ങനെ പാപത്താൽ പഴകിയ നമ്മുടെ തീവ്രകുഷ്ഠരോഗം സൗഖ്യപ്പെടുവാനും അവനോട് യാചിക്കുവാനുള്ള അവസരമാണ് ഒരുങ്ങിയിരിക്കുന്നത്. ദാവീദ് പുത്രാ, എന്നോടു കരുണ തോന്നണമെ എന്ന് നമുക്കും പ്രാർത്ഥിക്കാം. ദൈവം അനുഗ്രഹിക്കട്ടെ!

❑



Kunnamkulam Blooming BUDS Bethania School received the best green school award and best PTA president award from State PTA commitee.

പറവൂർ സെന്റ് തോമസ് പള്ളിക്കേസ്

പറവൂർ സെന്റ് തോമസ് പള്ളിയുടെ കേസിൽ മലങ്കര സഭയുടെ അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്ത നിയമിച്ച വികാരിയെയും സഹ വികാരിയെയും കേസിൽ അഡീഷണൽ വാദികളായി അനുവദിച്ചു എറണാകുളം ഒന്നാം അഡീഷണൽ ജില്ലാകോടതി ഉത്തരവിട്ടു. OS 151/1977 നമ്പറായി പള്ളി ഇടവകക്കാരായ എം. റ്റി. പോൾ മുതൽ പേർ സമർപ്പിച്ച കേസിൽ വാദികളെല്ലാം മരിച്ചു പോയതിനെ തുടർന്നാണു വികാരിയും സഹ വികാരിയും വാദി ചേരുവാൻ കോടതിയെ സമീപിച്ചത്. ഇവരെ കക്ഷി ചേർക്കാൻ അനുവദിക്കരുത് എന്ന് ആവശ്യപ്പെട്ട് യാക്കോബായ വിഭാഗം സമർപ്പിച്ച തടസ്സ വാദം കോടതി തള്ളി.

എം.ജി. സർവകലാശാലയിൽ നിന്ന് ഹിന്ദി സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ ലിജ അച്ചാമ്മ ജോർജ്ജ്. പുതുപ്പള്ളി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി അസിസ്റ്റന്റ് വികാരി ഫാ. എബ്രഹാം ജോണിന്റെ സഹധർമ്മിണിയാണ്. തോട്ടയ്ക്കാട് മാർ അപ്രേം പള്ളി ഇടവകാംഗം.





ദൈവവചനത്തിന്റെ മാധുര്യം ജീവിതത്തിൽ അനുഭവിച്ചറിയണം: പ കാതോലിക്ക ബാവാ

ചെങ്ങന്നൂർ: ദൈവവചനത്തിന്റെ മാധുര്യം ജീവിതത്തിൽ അനുഭവിച്ചറിയുവാനും ആരാധനാ ജീവിതത്തിലേക്കും കൗദാശികജീവിതത്തിലേക്കും നമ്മെ നയിക്കുന്ന വചനത്തിന്റെ ശക്തി തിരിച്ചറിയുവാനും ഏവർക്കും കഴിയണമെന്ന് പ. കാതോലിക്കാ ബാവാ പ്രസ്താവിച്ചു. മലങ്കര ഓർത്തഡോക്സ് സഭ ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന 14-ാമത് ചെങ്ങന്നൂർ കൺവൻഷൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രതിസന്ധിയുടെ കാലഘട്ടത്തിൽ ക്രിസ്തുവിനെ മുറുകെപ്പിടിച്ച് മുന്നോട്ടു പോകുവാൻ ഏവർക്കും കഴിയണമെന്ന് അദ്ദേഹം പറഞ്ഞു. ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ നിലയ്ക്കൽ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ജോഷ്വാ മാർ നിക്കോദിമോസ് അനുഗ്രഹ പ്രഭാഷണം നിർവഹിച്ചു. ഫാ. ജോജി കെ ജോയി വചനശുശ്രൂഷ നടത്തി. ഭദ്രാസന ഔദ്യോഗിക സേവനങ്ങളിൽ നിന്നും വിരമിച്ച തോമസ് തേക്കിൽ കോർ എപ്പിസ്ക്കോപ്പാ, ബഥേൽ അരമനയിൽ അക്കൗണ്ടന്റായി 25 വർഷം സർവീസ് പൂർത്തീകരിച്ച റെഞ്ജി വർഗീസ് എന്നിവരെ യോഗത്തിൽ ആദരിച്ചു.

എം.ഒ.സി. പബ്ലിക്കേഷൻ പ്രസിദ്ധികരിക്കുന്ന പ്രാർത്ഥന മിത്രം എന്ന പുസ്തകത്തിന്റെ ആദ്യ പ്രതി ഡോ. ജോഷ്വ മാർ നിക്കോദിമോസ് മെത്രാപ്പോലീത്ത സഭാ മാനേജിങ് കമ്മിറ്റി അംഗം ഫാ. മത്തായി കുന്നിലിന് നൽകി. യോഗത്തിൽ ഭദ്രാസന സെക്രട്ടറി ഫാ. മാത്യു എബ്രഹാം കാരയ്ക്കൽ, സുവിശേഷ സംഘം വൈസ് പ്രസിഡന്റ് ഫാ.തോമസ് കൊക്കാപ്പറമ്പിൽ, കൗൺസിൽ അംഗങ്ങളായ ഫാ.രാജൻ വർഗീസ്, ഫാ. ബിജു ടി. മാത്യു, സിബി മത്തായി, വി. ജെ ചാക്കോ, മാത്യു ജേക്കബ്, ബിജു മാത്യു, ജേക്കബ് ഉമ്മൻ എന്നിവർ യോഗത്തിൽ പ്രസംഗിച്ചു. റവ.ഫാ.സ്റ്റീഫൻ വർഗീസ് സമർപ്പണ പ്രാർത്ഥനയ്ക്കും, ഫിലോക്സ് സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക് ഗാന ശുശ്രൂഷയ്ക്കും നേതൃത്വം നൽകി.

ലേഖനം

കോവിഡ്കാല ആദ്ധ്യാത്മികത


ഡോ. ജെയ്സി കരിങ്ങാട്ടിൽ

കൊറോണ വൈറസ് ആഗോളതലത്തിൽ വ്യാപിച്ചു. ഭീതിയോടെയാണ് കോവിഡ് 19 എന്ന മഹാമാരിയെ ലോകം നോക്കിക്കാണുന്നത്. വാക്സിനുവേണ്ടി ജനങ്ങൾ കാത്തിരിക്കുകയാണ്. സമൂഹത്തിന്റെ സമസ്ത മേഖലകളെയും കോവിഡ് രോഗം ബാധിച്ചിരിക്കുന്നു. ആരോഗ്യ, സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ ജീവിത ക്രമത്തെ വളരെയധികം താളംതെറ്റിക്കുവാൻ കൊറോണ വൈറസിന് കഴിഞ്ഞു. മനുഷ്യന്റെ ആത്മീയ ജീവിതത്തിലും കോവിഡ് വൈറസിന്റെ സ്വാധീനം ശക്തമായി. അടച്ചുപൂട്ടലിന്റെ നിർദ്ദേശങ്ങൾ ആരാധനാലയങ്ങൾക്കും ബാധകമായപ്പോൾ വിശ്വാസികൾ ദേവാലയങ്ങളിൽ എത്തുവാൻ പറ്റാതെയായി. ആരാധനാലയങ്ങൾ വിശ്വാസികൾക്ക് ആത്മീയ ഊർജ്ജം പകരുന്ന ഇടങ്ങളാണ്. ആത്മീയമായ വളർച്ച എല്ലാ വ്യക്തികൾക്കും അനിവാര്യമാണ്. ദൈവിക വിശ്വാസം ആത്മീയ അനുഭവങ്ങളിലേക്ക് നയിക്കും. വിശ്വാസികളെ സമാധാനം, സംതൃപ്തി, പ്രത്യാശ, സന്തോഷം എന്നിവയിലേക്ക് നയിക്കുന്നത് ആത്മീയ അനുഭവങ്ങളാണ്.

സമൂഹത്തെ സുസ്ഥിരമാക്കുന്നതിനും നന്മയിലേക്ക് നയിക്കുന്നതിനും ആത്മീയത അനിവാര്യമാണ്. സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധമാണ് ആത്മീയതയുടെ പൊരുൾ. ഇത് കേവലം പ്രാർത്ഥനയിലോ അനുഷ്ഠാനങ്ങളിലോ മാത്രം ഒതുക്കി നിർത്തേണ്ടതല്ല. കുടുംബം, സമൂഹം, പ്രപഞ്ചം തുടങ്ങി സമസ്ത മേഖലകളിലും ഇവ നിറഞ്ഞു നിൽക്കേണ്ടതാണ്. ആത്മീയതയുടെ അടിസ്ഥാനം അനുകമ്പ, ക്ഷമ, കരുതൽ, ദയ, സഹതാപം എന്നീ മൂല്യങ്ങളാണ്. പ്രാർത്ഥന, ആരാധന, കൂദാശ, അനുഷ്ഠാനം, ആചാരം എന്നിവ ആത്മീയതയിലേക്ക് നയിക്കുന്ന മാർഗ്ഗങ്ങളാണ്. എന്നാൽ ഇവയിലൂടെ പ്രപഞ്ചം മുഴുവൻ നിലനിർത്തുന്ന സൃഷ്ടാവിനെ തിരിച്ചറിയുകയും ആ ദൈവിക സ്വഭാവത്തിലേക്ക് വളരുകയും ചെയ്യുക എന്നതാണ് ഉത്തരവാദിത്വം. വിശുദ്ധരും വിശ്വസ്തരുമായി ജീവിതം നയിക്കുക എന്നതാണ് ആത്മീയതയുടെ ശരിയായ അർത്ഥം. അതിനാൽ ജീവിതത്തിൽ സമഗ്രമായ മാറ്റം അനിവാര്യമാണ്. ആത്മീയത വിശ്വാസികളുടെ ജീവിതശൈലിയായി രൂപപ്പെടണം. ജീവിതത്തിന്റെ പരീക്ഷണഘട്ടങ്ങളിൽ പിടിച്ചു നിൽക്കുവാൻ ആത്മീയ നവീകരണം അനിവാര്യമാണ്. ആരാധനകളിൽ നിന്നും അകന്നു പോകാതെ അവരവരുടെ ഭവനങ്ങളെ ദേവാലയങ്ങളായി രൂപപ്പെടുത്തുവാൻ കഴിയണം. ഭവനങ്ങളിലെ പ്രാർത്ഥന ദൈവസാന്നിദ്ധ്യവും ആത്മീയ വളർച്ചയും ഉറപ്പു നൽകുന്നു. അത് ദൈവ വിശ്വാസത്തെ പുനർജനിപ്പിക്കുകയും പ്രത്യാശയോടെ മുന്നോട്ട് നയിക്കുവാനുള്ള കരുത്ത് പകരുകയും ചെയ്യുന്നു. കോവിഡ്ക്കാലത്തെ ആദ്ധ്യാത്മീകതയിൽ നാം ശ്രദ്ധിക്കേണ്ട ആദ്ധ്യാത്മികത എന്തെല്ലാമാണ്.

1. സമഗ്ര ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കണം

കൊറോണ വൈറസ് ആളുകൾക്കിടയിൽ ഭയം വർദ്ധിപ്പിച്ചു. ചിലർ നിരാശരായി തളർന്നുപോയി. വാക്സിനോ ചികിത്സയോ ഇല്ലാതെ രോഗം വ്യാപകമായി. ലഭ്യമായ വാക്സിൻ എല്ലാവരിലും എത്തിക്കുവാൻ കാലം കുറേ എടുക്കും. അടിസ്ഥാന ശുചിത്വം പാലിക്കുവാൻ കൈകൾ നിരന്തരം കഴുകൽ, സാമൂഹിക അകലം പാലിക്കൽ, മുഖം മറയ്ക്കൽ എന്നിവ മാത്രം മുഖ്യം. ഇവയെല്ലാം മാനസിക, ശാരീരിക, സാമൂഹിക ആരോഗ്യത്തെയും പരിസ്ഥിതിയെയും വിവിധതരത്തിൽ ബാധിച്ചിട്ടുണ്ട്. ഇങ്ങനെ മനുഷ്യസമൂഹം ആരോഗ്യപരമായ ധാരാളം വെല്ലുവിളികൾ നേരിടേണ്ടി വരുന്നു. സമഗ്ര ആരോഗ്യ പരിപാലനം ലക്ഷ്യമാക്കി ആരോഗ്യ പ്രവർത്തകർ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവർ വിവിധ



തര ആരോഗ്യ പ്രവർത്തനത്തിന്റെ ഭാഗമായിത്തീർന്നു. പൊതുജനാരോഗ്യം ഗുരുതര പ്രശ്നമായി കൊറോണ മാറ്റിയപ്പോൾ ആരോഗ്യ പ്രവർത്തകർ അതിനെ നേരിട്ടത് സ്വയം കർമ്മനിരതരായാണ്. സമഗ്ര ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കുവാൻ ആരോഗ്യപ്രവർത്തകർ നടത്തിയ കർമ്മപദ്ധതികളിൽ ആദ്ധ്യാത്മികതയുടെ ഊർജ്ജവും ചൈതന്യവും ശക്തമാണ്.

സാമൂഹിക ഒറ്റപ്പെടൽ, പകർച്ചവ്യാധി വരുമോ എന്ന ഉത്കണ്ഠ, വിഷാദം എന്നിവ വർദ്ധിച്ച് മാനസികാരോഗ്യം തന്നെ പലരിലും തകരാറിലാകുന്നു. ഇത്തരം പ്രതിസന്ധികളിൽ ആത്മീയമായ പ്രത്യാശയും പ്രചോദനവും മാനസിക സമാധാനവും പ്രതിസന്ധികളെ നേരിടാനുള്ള കഴിവും ആദ്ധ്യാത്മിക ഇടപെടലിലൂടെ ഏവരും നേടിയെടുക്കണം.

2. ക്രിസ്തീയ ധാർമ്മികത അനുദിനം വളർത്തണം

ആത്മീയതയിൽ ക്രിസ്തുവിനെ ഉൾക്കൊള്ളുക എന്നതാണ് മുഖ്യ ധർമ്മം. ക്രിസ്തുവിനെ ഉൾക്കൊള്ളുമ്പോൾ ക്രിസ്തീയ ജീവിതമുള്ളവരായിത്തീരും. ക്രിസ്തു ഉയർത്തിയ ധാർമ്മിക മൂല്യങ്ങൾ സ്നേഹത്തിന്റേയും ക്ഷമയുടേയും കരുതലിന്റേയും കാരുണ്യത്തിന്റേതുമാണ്. ലളിതമായ ജീവിതക്രമം ശീലിക്കേണ്ടിയിരിക്കുന്നു. ആർഭാടം, സമ്പത്ത്, ധൂർത്ത്, അധികാരം ഇവ മാറി ലളിത ജീവിതശൈലി രൂപപ്പെടുത്തണം. മനുഷ്യന്റെ ക്ഷേമം, സുരക്ഷ, ദാരിദ്ര്യനിർമ്മാർജ്ജനം, സുസ്ഥിര വികസനം എന്നിവ ലക്ഷ്യമാക്കി കാരുണ്യ പ്രവർത്തനങ്ങൾ നിർവ്വഹിക്കുവാൻ കഴിയണം. സത്പ്രവർത്തികളിൽ ഉത്സാഹമുള്ളവരായി ജീവിതശൈലിയിൽ മാറ്റം വരുത്തണം.

പ്രകടനാത്മകമായ മതാത്മകതയ്ക്ക് അപ്പുറം പരസ്പരം കാലുകളെ കഴുകുന്ന (യോഹ. 13:14) ഒരു സമൂഹമാണ് യേശു സ്വപ്നം കണ്ടത്. അതിനാൽ ആവശ്യങ്ങളെ തിരിച്ചറിഞ്ഞ് പ്രാർത്ഥനയിലും സ്നേഹത്തിലും ത്യാഗത്തിലും കരുതലിലും വളരുന്ന കെട്ടുറപ്പുള്ള കുടുംബ ബന്ധങ്ങൾ ഉണ്ടാകണം. സൂക്ഷ്മതയോടെ ദൈവ സ്വഭാവത്തിൽ ഈ ലോക മോഹങ്ങളോട് പോരാടി ക്രിസ്തീയ ധാർമ്മിക മൂല്യങ്ങൾ സംരക്ഷിക്കുന്നവരായി തീരുവാൻ കഴിയണം. കോവിഡ് 19 പ്രതിസന്ധികൾ ആത്മീയ ശിക്ഷണത്തിനുമുള്ള അവസരമായി രൂപാന്തരപ്പെടുത്തി മറ്റുള്ളവരെ സഹായിക്കുവാൻ കഴിയുന്ന അവസരങ്ങൾ കഴിവതും പ്രയോജനപ്പെടുത്തണം.

3. നൈതീക ദർശനമുള്ള തലമുറ വളരണം

ആരോഗ്യമുള്ള ഒരു സമൂഹത്തിന് ഉൾക്കരുത്ത് പകരുന്നത് നീതിയും സമാധാനവുമാണ്. അസമത്വവും അനീതിയും സമൂഹത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കും. നന്മയുള്ള സമൂഹം ഉണ്ടാകണമെങ്കിൽ നീതിയും സത്യവും ധർമ്മവും പരിപാലിക്കപ്പെടണം. സമൂഹത്തിൽ നീതിയും സമാധാനവും തമ്മിൽ ചുംബിക്കുന്ന (സങ്കീ. 85:10) അനുഭവം ഉണ്ടാകണം. സാമൂഹികവും സാമ്പത്തികവുമായ അസമത്വം, സംഘർഷം, ആധിപത്യം, അടിച്ചമർത്തൽ എന്നിവ സാമൂഹിക സമാധാനം നഷ്ടപ്പെടുത്തുന്നവയാണ്.

ഞാനല്ല ക്രിസ്തുവാണ് എന്നിൽ വസിക്കുന്നത് (ഗലാത്യർ 2:20) എന്ന ബോധ്യം എല്ലാവരിലും ഉണ്ടാകണം. നീതിയാണ് ആത്മീയതയുടെ ആത്മാവ്. നീതിപൂർവ്വമായ ഇടപെടലുകൾ, അനീതിക്ക് നേരേയുള്ള ചെറുത്തുനിൽപ്പുകൾ എന്നിവ ശക്തിപ്പെടുത്തണം. നീതിപൂർവ്വമായി മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ കരുത്തുറ്റ പ്രവർത്തന രീതികൾ വളർത്തണം. സത്പ്രവർത്തികളിൽ സഹകരിച്ച് വിഭവശേഷിയും വിതരണശേഷിയും നേടിയെടുക്കുവാൻ കഴിയണം. നീതി വസിക്കുന്ന ഇടങ്ങളിൽ സമാധാനവും സ്നേഹവും ഉണ്ടാകും. അതിനാൽ കാരുണ്യവും നീതിബോധവും ജീവിതമൂല്യങ്ങളായി തീരുന്നു. സ്വയം ശിക്ഷണവും അച്ചടക്കവും എല്ലാ മേഖലകളിലും വളർത്തണം. നീതിയും സമത്വവും എല്ലാവർക്കും ഉറപ്പു വരുത്തുവാൻ കഴിയണം. സമൂഹത്തിൽ നൈതിക ദർശനമുള്ള തലമുറ ആദ്ധ്യാത്മികതയിൽ വളരുന്ന തലമുറ ആയിരിക്കും.

സാമൂഹികവും സാമ്പത്തികവുമായ അസമത്വം, തൊഴിൽ, ആരോഗ്യം, വിദ്യാഭ്യാസ നിലവാരം എന്നിവയിൽ നിലനിൽക്കുന്ന അനീതിയും ലിംഗവിവേചനവും ഈ കൊറോണാ കാലത്ത് ധാരാളം ആളുകളെ പ്രത്യേകിച്ച് സ്ത്രീകളെ മാനസികമായും ആത്മീയവുമായി തളർത്തിയിട്ടുണ്ട്. അതിനാൽ കൊറോണ പകർച്ചവ്യാധി മൂലമുള്ള സാമൂഹിക-മാനസിക പ്രശ്നങ്ങളെ നേരിടാൻ സ്ത്രീ പുരുഷന്മാരെ പ്രാപ്തമാക്കുവാൻ നീതിപൂർവ്വമായ സമീപനങ്ങൾ സ്വീകരിക്കുവാൻ കഴിയണം.

4. സാമൂഹിക പ്രതിബന്ധത വളർത്തണം

സാമൂഹിക ബന്ധങ്ങളും ബാദ്ധ്യതകളും നീതിപൂർവ്വം നിർവ്വഹിക്കുമ്പോഴാണ് ആത്മീയതയിൽ സമഗ്രമായി വളരുവാൻ കഴിയുന്നത്. കോവിഡ് രോഗികളെ പരിചരിക്കാനും മരണനിരക്ക് കുറയ്ക്കാനുമായി ആരോഗ്യമേഖലയിൽ ജോലി ചെയ്യുന്ന നിരവധിപ്പേർ ഉണ്ട്. എന്നാൽ ജോലി നഷ്ടപ്പെട്ടവർ, പ്രതിസന്ധി അനുഭവിക്കുന്നവർ, പ്രിയപ്പെട്ടവരുടെ വേർപാട് മൂലം ദുഃഖം അനുഭവിക്കുന്നവർ, അടിസ്ഥാന മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെടുന്നവർ ഇങ്ങനെ പ്രതിസന്ധി അനുഭവിക്കുന്ന അനവധി ആളുകൾ നമ്മുടെ ചുറ്റുവട്ടത്ത് തന്നെയുണ്ട്. അവർക്ക് ആശ്വാസം പകരുവാനും സഹായം നൽകുവാനുമുള്ള ഉത്തരവാദിത്വം ഏവർക്കും ഉണ്ട്. നമ്മുടെ ആത്മീയ ജീവിതത്തിൽ മറ്റുള്ളവരെ കാണുവാനുള്ള കരുത്തും കാഴ്ചയും നേടിയെടുക്കണം. ഭക്തി നിറഞ്ഞു തുളുമ്പി, ഭൗതിക വിരക്തിക്കല്ല പകരം സാമൂഹിക ബന്ധങ്ങളിലൂടെ കഷ്ട നഷ്ടങ്ങൾ സഹിച്ച് മറ്റുള്ളവരെ കരുതി ജീവിക്കുമ്പോഴാണ് ശരിയായ ആത്മീയതയിലേക്ക് വളരുന്നത്. അതിനാൽ നമ്മുടെ ജീവിതം പ്രാർത്ഥനയോടൊപ്പം സാമൂ



ഹിക കർമ്മപദ്ധതികളിൽ കർമ്മനിരതരാകാനുള്ള ആഹ്വാനമാണ് കോവിഡ് 19 കാലം മുന്നോട്ട് വയ്ക്കുന്നത്. മനുഷ്യൻ സമൂഹവുമായി ആഴമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന തിരിച്ചറിവ് നേടുമ്പോൾ സമൂഹത്തിൽ തള്ളപ്പെട്ടവർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും കാരുണ്യസ്പർശമായി തീരുവാൻ കഴിയുന്നത്. അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും മനുഷ്യന്റെ ക്ഷേമവും അന്തസ്സും ഉയർത്തിപ്പിടിക്കുവാനും ഉത്തരവാദിത്തവും പ്രതിബദ്ധതയുമുള്ള ഒരു സമൂഹത്തെ സൃഷ്ടിച്ച് സാമൂഹിക പ്രതിബദ്ധതയിൽ നിറയുന്ന ആദ്ധ്യാത്മികത വളർത്തിയെടുക്കുവാനും സാധിക്കണം.

5. പ്രകൃതിയിലേക്ക് മടങ്ങുന്ന സമീപനം വളർത്തണം

മനുഷ്യന്റെ അത്യാഗ്രഹവും സ്വാർത്ഥതയും ജീവിതശൈലിയും ഉപഭോഗ സംസ്കാരവും പരിസ്ഥിതിയെ തകർത്തു. വായു മലിനീകരണവും കാലാവസ്ഥാ വ്യതിയാനവും ജൈവവൈവിധ്യവും വനനശീകരണവും ജലസ്രോതസ്സുകളുടെ മലിനീകരണവും പാരിസ്ഥിതിക സന്തുലിതാവസ്ഥയെ ബാധിച്ചു. ആദ്ധ്യാത്മികതയിൽ നിറയുമ്പോൾ പ്രകൃതിയുടെ സന്തുലിതാവസ്ഥ വീണ്ടെടുത്ത് എല്ലാവർക്കും മെച്ചപ്പെട്ട ഒരു ലോകം സൃഷ്ടിക്കുവാനുള്ള കാഴ്ചപ്പാടും ദർശനവും വളരും. പ്രകൃതിയിലേക്ക് മടങ്ങുന്ന ആദ്ധ്യാത്മിക ദർശനം മത ജീവിത ക്രമങ്ങളിൽ അനിവാര്യമാണ്. പ്രകൃതിയെ കരുതുന്നതും സംരക്ഷിക്കുന്നതുമായ ആദ്ധ്യാത്മികത മതജീവിതം വളർത്തിയെടുക്കുവാനുള്ള സമീപനം വളർന്നു വരണം. വികസനത്തിന്റെ മറവിൽ പ്രകൃതിയേയും പ്രകൃതി വിഭവങ്ങളെയും ചൂഷണം ചെയ്യുന്ന മത്സര മനോഭാവവും ആധിപത്യ പ്രവണതകളും നിയന്ത്രിക്കപ്പെടണം.

അറിവും സാങ്കേതിക വിദ്യയും പുതിയ കണ്ടുപിടുത്തങ്ങളും ലോകത്ത് ആധിപത്യം ഉറപ്പിക്കുവാനും പുത്തൻ വഴിത്തിരിവുകൾ സൃഷ്ടിക്കുവാനും കഴിഞ്ഞെങ്കിലും മനുഷ്യന്റെ ബുദ്ധിക്കും ബോധ്യത്തിനും അതീതമായി മനുഷ്യന്റെ പരിമിതികളെ വിളിച്ചറിയിക്കുവാൻ കോവിഡ് 19 എന്ന മഹാമാരിക്ക് കഴിഞ്ഞു. ലോകമെമ്പാടും ഈ ഒരു കുഞ്ഞൻ വൈറസിന്റെ മുമ്പിൽ നിസഹായരായി മാറുന്ന കാഴ്ച മനുഷ്യന്റെ അത്യാഗ്രഹത്തിനും സ്വാർത്ഥതയ്ക്കുമുള്ള തിരിച്ചടിയായി. ഈ മഹാമാരിയിൽ നിന്നും അതിജീവിക്കുവാനുള്ള ശ്രമങ്ങൾ ഇന്നും പൂർണ്ണ ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല.

ഉപസംഹാരം: മനുഷ്യന്റെ പരിമിതികൾ മനസ്സിലാക്കുന്നതിനും അംഗീകരിക്കുന്നതിനും കോവിഡ് 19 സഹായിച്ചു. കോവിഡ് 19 പകരുന്ന ആദ്ധ്യാത്മികത പ്രകൃതിയിലേക്ക് മടങ്ങുവാനുള്ള ആഹ്വാനമാണ്. സ്വാർത്ഥരഹിതവും സുതാര്യവുമായ ജീവിതശൈലി രൂപപ്പെടുത്തുവാൻ ഏവർക്കും കഴിയണം. മനുഷ്യസമൂഹത്തിന് പുതിയ പാഠം പകർന്ന കോവിഡ് 19 മഹാമാരിയുടെ കാലം മനുഷ്യർ നിസ്സഹായർ എന്ന തിരിച്ചറിവും ആദ്ധ്യാത്മികതയിൽ വളരേണ്ടതിന്റെ അനിവാര്യതയും ബോധ്യപ്പെടുത്തി. ദൈവിക ബോധത്തിൽ വളർന്ന് നീതിപൂർവ്വമായ സാമൂഹിക കാഴ്ചപ്പാടുകൾ വളർത്തിയും ആദ്ധ്യാത്മികതയിൽ നിറയുവാൻ കോവിഡ് 19 മഹാമാരിക്കാലം വിശ്വാസികളെ പ്രബോധിപ്പിക്കുന്നു. ❑


ഓർത്തഡോക്സ് ആരാധനാവത്സരം

ഫാ. ഡോ. ജോസഫ് ചീരൻ

അദ്ധ്യായം 7

പെന്തിക്കോസ്തി കാലം

A. പെന്തിക്കോസ്തി (അമ്പതാം പെരുനാൾ) 7/3



ആശ്വാസദാതാവും കാര്യസ്ഥനുമായി വിശുദ്ധ ത്രിത്വത്തിലെ മൂന്നാമത്തെ ആളത്വമായ വിശുദ്ധ റൂഹാ ഉയിർപ്പിനുശേഷം അമ്പതാം ദിവസം ആഘോഷ പൂർവ്വം ദൃശ്യമായി ആവസിച്ച ദിനമാണ് പെന്തിക്കോസ്തി പെരുനാൾ. യഹൂദന്മാരുടെ പ്രധാന ഉത്സവം. പെസഹായും കൂടാരപ്പെരുനാളുമാണ് മറ്റു രണ്ട് ആഘോഷങ്ങൾ. പെന്തിക്കോസ്തി അവരുടെ കൊയ്ത്തുത്സവം കൂടെ ആയിരുന്നു. ലോകത്തെങ്ങുമുള്ള യഹൂദന്മാർ യെരുശലേമിൽ സമ്മേളിക്കുവാൻ ആഗ്രഹിക്കുന്ന ദിവസം. ക്രിസ്തുസഭയിലെ ആദ്യഫലങ്ങളായ ശ്ലീഹന്മാരെ വിശുദ്ധാത്മദാനത്തിലൂടെ സഭക്കായി വിളവെടുപ്പ് നടത്തിയത് യഹൂദർ ആദ്യഫലങ്ങളെ യെരുശലേം ദേവാലയത്തിൽ സമർപ്പിക്കുന്ന ദിവസമായിരുന്നു എന്നത് സമുചിതമായിരിക്കുന്നു. അന്ന് മൂവായിരത്തോളം പേർ പുതിയ സുവിശേഷത്തിൽ വിശ്വസിച്ച് സ്നാനം ഏറ്റ് സഭയുടെ വികസനം ആരംഭിച്ചു എന്നതും സഭയുടെ ഉദ്ഘാടനത്തിന്റെ പ്രതീതിയാണുണർത്തുന്നത്. തൊട്ടാവാടികളെപ്പോലെ ഭീരുക്കൾ ആയിരുന്ന ശ്ലീഹന്മാരെ തങ്ങളുടെ സാക്ഷ്യത്തെ പ്രതി പീഡനങ്ങളും മരണംപോലും പുഞ്ചിരിയോടെ നേരിടുവാൻ രൂപാന്തരപ്പെടുത്തിയ രഹസ്യമാണ് മാളികയിൽ വെച്ചുണ്ടായത്. മാളികയുടെ ഇളക്കവും ഭൂകമ്പവും അഗ്നിനാവുമൊക്കെ റൂഹായുടെ അവരോഹണത്തിന്റെ ദൃശ്യമായ അടയാളങ്ങളായി. ആവർത്തിക്കാൻ ആവശ്യമില്ലാത്ത അടയാളങ്ങൾ. ഭാഷാവരം ഉൾപ്പെടെയുള്ള നൽവരങ്ങൾ അവർക്ക് നൽകപ്പെട്ടു. മാളിക ഒരർത്ഥത്തിൽ രണ്ടാം ബാബേൽ ആയി. സഭയുടെ സുവിശേഷീകരണം അതോടെ ആരംഭിക്കുകയായി. ഇസ്രായേലിൽ നിന്ന് കാണാതെപോയവരോടും സർവ ലോകത്തോടും സുവിശേഷമറിയിക്കുവാൻ അവർ അവിടെനിന്ന് പുറപ്പെട്ടു. പണ്ട് മേഘസ്തംഭത്തിന്റെയും അഗ്നിസ്തംഭത്തിന്റെയും ആകൃതിയിൽ പൂർവികരെ വഴിനടത്തിയ ദൈവം തന്റെ പരിശുദ്ധാത്മാവിന്റെ കൃപ മൂലം തങ്ങളെ വഴിനടത്തുന്നതായി ശ്ലീഹന്മാർക്ക് അനുഭവപ്പെട്ടു. 'ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെയുണ്ട്' എന്ന വാഗ്ദാനം നിറവേറുന്നതായി അവർക്കനുഭവപ്പെട്ടു.

മുട്ടുകുത്തലിന്റെ ശുശ്രൂഷ എന്ന് പേരുള്ള മൂന്ന് ശുശ്രൂഷകൾ വി. കുർബ്ബാനമദ്ധ്യേ അന്ന് നടത്തുന്നു. ഓരോ ശുശ്രൂഷയുടെയും അന്ത്യത്തിൽ പട്ടക്കാരന്റെ നേതൃത്വത്തിൽ സഭ മുഴുവൻ നിലത്തു മുട്ടുകുത്തി പരിശുദ്ധാത്മാവിന്റെ കൃപാവരം തങ്ങളിൽ ജ്വലിപ്പിക്കേണമേ എന്ന് പ്രാർത്ഥിക്കുന്നതിനാലും ഉയിർപ്പിന് ശേഷം നമസ്കാരങ്ങളിലും മറ്റുമുള്ള മുട്ടുകുത്തൽ ഔപചാരികമായി അന്ന് ആരംഭിക്കുന്നതിനാലും മുട്ടുകുത്തൽ ശുശ്രൂഷ എന്ന പദപ്രയോഗത്തിന് പ്രത്യേക ഔചിത്യമുണ്ട്. മുട്ടുകുത്തിയുള്ള അപേക്ഷ കഴിഞ്ഞാൽ മൂന്ന് ശുശ്രൂഷയിലും പട്ടക്കാരും ശുശ്രൂഷകരും വി. മദ്ബഹായിൽ നിന്നിറങ്ങി പള്ളിയകത്ത് പ്രദക്ഷിണം നടത്തും. ശിഷ്യന്മാർ ശക്തിപ്രാപിച്ച് മാളികയിൽ നിന്നിറങ്ങി ലോകത്തിന്റെ നാനാഭാഗങ്ങളിലേയ്ക്കും സുവിശേഷദൂതുമായി ഇറങ്ങിച്ചെന്ന സഭാ വികസന കാലഘട്ടത്തെയും വി. പൗലൂസിന്റെ മൂന്ന് മിഷനറി യാത്രകളെയും ഇത് അനുസ്മരിപ്പിക്കുന്നു. മൂന്ന് ശുശ്രൂഷകളുടെയും ഘടന സമാനമാണ്. ആദ്യത്തേത് പിതാവിനെയും രണ്ടാമത്തേത് പുത്രനെയും മൂന്നാമത്തേത് റൂഹായെയും സംബോധന ചെയ്യുന്നു. ത്രിത്വത്തിലെ ആളത്വങ്ങളെ നിർവചനസ്വഭാവത്തോടുകൂടി രചിക്കപ്പെട്ട പ്രുമിയോൻ സെദ്റാകൾ മികച്ച പ്രഭാഷണങ്ങൾ കൂടെയാണ്. ഓരോ പ്രദക്ഷിണത്തിനും വെള്ളം തളിക്കുന്ന പതിവ് 1876-ലെ പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ സന്ദർശനത്തോടെ ആരംഭിച്ചിട്ടുണ്ട്. അതിന് മുമ്പ് മലങ്കരയിൽ മറ്റു പല ആണ്ടുതക്സാ ക്രമങ്ങളും എന്നപോലെ പെന്തിക്കോസ്തിയുടെ ക്രമവും വ്യത്യസ്തമായിരുന്നു (മനോഹരമായ ആ ശുശ്രൂഷക്രമം മലങ്കരയിൽ പുനഃസ്ഥാപിക്കപ്പെടുന്നത് ഉചിതമായിരിക്കും. പുതിയ അന്ത്യോഖ്യൻ ക്രമങ്ങൾ അച്ചടിച്ച് പ്രചരിച്ചതോടെ പഴയ എഴുത്തുക്രമങ്ങൾ ആ തലമുറയിലെ വൈദികരോടൊപ്പം അപ്രത്യക്ഷമായി. കണ്ടനാട് പടിയോലയുടെ നിശ്ചയപ്രകാരം സഭ തീരുമാനിച്ച് നടപ്പിലാക്കിയ ക്രമമാണ് നമുക്ക് നഷ്ടപ്പെട്ടത്.).

വി. കുർബ്ബാനയിലും പട്ടംകൊടയിലും മൂറോൻ കൂദാശയിലുമെന്നപോലെ പ്രധാന കാർമ്മികന്റെ ആഘോഷപൂർവ്വമായ കൈവെപ്പു മൂലം വെള്ളത്തിൽ അവരോഹണം ചെയ്യുന്ന വിശുദ്ധ റൂഹായിൽ നിന്ന് ഒരിക്കലായി വീണ്ടും ജനനം പ്രാപിച്ചവരാണ് നാം. ശിഷ്യന്മാരുടെ കാലത്തും സ്നാനാർത്ഥികളുടെ മേൽ അവർ കൈവെക്കുമ്പോൾ അവർക്ക് പരിശുദ്ധാത്മദാനം സിദ്ധിച്ചിരുന്നു.

പെന്തിക്കോസ്തിക്കാലത്തിലെ ആരാധന നാം പ്രാപിച്ച വിശുദ്ധാത്മ നൽവരത്തെ ഉജ്ജ്വലിപ്പിക്കുവാൻ സഹായകമാവണം.

വി. യോഹന്നാൻ 14:15-31, വി. യോഹ. 15:1-14, വി. യോഹ. 16:5-15.

പുറപ്പാട് 19:1-11, സംഖ്യ 11:16-17, 24-29, യെഹസ്കിയേൽ 11:17-20, ഏശായ 42:6-16.

പ്രവൃത്തി 2:1-11, 1 കൊരി. 12:1-11 + 2 കൊരി. 13:11-13.

ഒന്നാം ക്രമം. ഉല്പത്തി 11:1-9, ന്യായാധിപന്മാർ 13:24-47, പ്രവൃത്തി 19:1-6, 1 കൊരി. 14:20-25, വി. യോഹ. 14:13-24.

രണ്ടാം ക്രമം. 2 രാജാ. 2:14-17, യോവേൽ 2:25-32, പ്രവൃത്തി 19:8-12, 1 കൊരി. 14:26-33, വി. യോഹ. 4:13-23.

മൂന്നാം ക്രമം. സംഖ്യ 11:16-35, 1 ശമുവേൽ 10:9-15, പ്രവൃത്തി 2:1-21, 1 കൊരി. 12:1-27, വി. യോഹ. 14:25-27 + 16:1-15.

പെസ്ഗോമോ. സങ്കീർത്തനം 104:30, 51:10, മുട്ടുകുത്തൽ സങ്കീ. 142:10.

'നീ നിന്റെ ശ്വാസം അയയ്ക്കുമ്പോൾ അവ സൃഷ്ടിക്കപ്പെടുന്നു. നീ ഭൂമിയുടെ മുഖത്തെ പുതുക്കുന്നു.'

'ദൈവമേ നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായ ഒരാത്മാവിനെ എന്നിൽ പുതുക്കേണമേ.'

'നിന്റെ ഇഷ്ടം ചെയ്യുവാൻ എന്നെ പഠിപ്പിക്കേണമേ. നീ എന്റെ ദൈവമാകുന്നുവല്ലോ. നിന്റെ നല്ല ആത്മാവ് എന്നെ നീതിയുള്ള നിലത്തേക്ക് നടത്തുമാറാകട്ടെ.'

സ്വർണ്ണ വെള്ളിയാഴ്ച (പെന്തിക്കോസ്തി കഴിഞ്ഞ് ആദ്യവെള്ളി)

അപ്പോസ്തോലന്മാർ അത്ഭുതം പ്രവർത്തിക്കുന്നു.

വി. മത്തായി 19:23–30, വി. മത്തായി 9:36–10:15, വി. ലൂക്കോസ് 22:24–30.
ഉല്പത്തി 12:1–9, യിരമ്യാവ് 16:16–21, ഏശായ 43:1–14.
പ്രവൃത്തി 3:1–10, 1 കൊരി. 12:28–13:10.

B. പെന്തിക്കോസ്തി കഴിഞ്ഞ് ഒന്നാം ഞായർ 8/4

ആരാധനയുടെ ആവർത്തിച്ചുള്ള പങ്കാളിത്തം അലസതയിലേക്ക് നയിക്കാനിടയാവരുത്. നല്ല നിലത്ത് വീണ നല്ല വിത്ത് – അതിന്റെ സാദൃശ്യത്തിൽ ആരാധനാനുഭവം നമ്മിൽ ഫലപ്രദമാകണം. ആത്മദാനങ്ങൾ അലസതയിലേക്കല്ല ജാഗ്രതയിലേക്കാണ് നയിക്കേണ്ടത്. ആത്മാവ് സഹയാത്രികനായുണ്ട്. ആത്മാവിന്റെ ഫലങ്ങൾ നമ്മിൽനിന്ന് പുറപ്പെടണം. മനുഷ്യരെ പിടിക്കുന്നവർക്ക് ആവശ്യമായ സ്ഥിരോത്സാഹവും ജാഗ്രതയും നിലനിർത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യണം. പരിശുദ്ധാത്മാവിനെ കച്ചവടച്ചരക്കാക്കുന്ന നവീനസഭകളെപ്പറ്റി എപ്പോഴും ജാഗ്രത പുലർത്തണം. അതിനുള്ള വിവേചനാശക്തിയും ആത്മബലവും ഈ കാലം നമുക്ക് നൽകുന്നു.

വി. ലൂക്കോസ് 8:4–15, വി. മത്തായി 11:20–30, വി. ലൂക്കോസ് 7:27–35.
ഉല്പത്തി 41:38–49, പുറപ്പാട് 12:31–40, യിരമ്യാവ് 29:10–16, പ്രവൃത്തി 17:10–15, 2 കൊരി. 5:14–6:9.

C. പെന്തിക്കോസ്തി കഴിഞ്ഞ് രണ്ടാം ഞായർ 1/5

ക്രിസ്തീയജീവിതം ഒരു മുഴുവൻസമയ ജീവിതചര്യയാണ്. ദുഃഖരഹിതമായ ഒരു ജീവിതം ക്രിസ്തു വാഗ്ദാനം ചെയ്യുന്നില്ല. കുരിശുകളെ സഹനം കൊണ്ടു നേരിടണം. കിരീട പ്രതീക്ഷയിൽ കുരിശിന്റെ ഭാരം ലഘുവാക്കിത്തീർക്കണം. നോമ്പും ഉപവാസവും ഒക്കെ അതിനുള്ള പരിശീലനമായി മാറണം.

വി. മത്തായി 6:12–23, വി. മർക്കോസ് 3:7–19, 4:21–23, വി. മത്തായി 10:34–11:1

ലേവ്യർ 19:1–8, 2 ശമുവേൽ 5:1–10, ഏശായ 61:10–11.

പ്രവൃത്തി 4:24–28, എഫേസ്യർ 2:11–18.

D. പെന്തിക്കോസ്തി കഴിഞ്ഞ് മൂന്നാം ഞായർ 2/6

ഭൗതിക ജീവിതാവശ്യങ്ങൾ സാധിക്കുവാനുള്ള പരക്കംപാച്ചിലിൽ നിത്യതയുടെ അപ്പത്തിനുവേണ്ടിയുള്ള വിശപ്പ് മനുഷ്യർ അവഗണിക്കുന്നു. അതൊരു ആത്മീയരോഗമാണ്. ക്രിസ്തുവാണ് ആ രോഗത്തിന്റെ ഔഷധം. കൂദാശാപരമായി ക്രിസ്തുവിനെ ഭക്ഷിക്കുന്നവർ നിത്യതയുടെ ആഹാരം സ്വന്തമാക്കുകയാണെന്ന് ലോകത്തെ പഠിപ്പിക്കുവാൻ പ്രചോദനം ഈ കാലത്ത് ആർജ്ജിക്കുന്നു.

വി. മത്തായി 6:4–13, വി. ലൂക്കോസ് 9:1–11, വി. യോഹന്നാൻ 6:35–46.

ഉല്പത്തി 42:18–25, യിരമ്യാവ് 2:35–3:5, ദാനിയേൽ 3:21–23.

പ്രവൃത്തി 13:26–29, ഗലാത്യർ 6:10–16.

E. പെന്തിക്കോസ്തി കഴിഞ്ഞ് നാലാം ഞായർ 3/7

ആത്മീയാഹാരം പോലെ ലൗകികാഹാരത്തിന്റെ കാര്യത്തിലും മറ്റുള്ളവരെക്കുറിച്ചുള്ള കരുതൽ ക്രിസ്തീയ ജീവിതത്തിൽ ആവശ്യമാണ്. പങ്കിടലിന്റെ തത്വശാസ്ത്രം ക്രിസ്തീയ ജീവിതത്തിൽ പരമപ്രധാനമാണ്. വിഭവങ്ങളുടെ കൈകാര്യകർത്താവ് എന്ന ആശയം ഈ ദിവസങ്ങളിലെ വായനകളിൽനിന്ന് പരിശീലിക്കണം.

ദൈവമാതാവിനോടുള്ള വചനിപ്പ് മാർച്ച് 25 എന്ന് സ്ഥിരീകരിക്കപ്പെട്ടതോടെ ജനപ്പെരുന്നാൾ ഒമ്പത് മാസങ്ങൾക്കുശേഷം ഡിസംബർ 25 എന്ന് അംഗീകരിക്കപ്പെട്ടു. എ.ഡി. 407-ൽ സ്വർണ്ണനാവുകാരനായ ഈവാനിയോസ് ആണ് ഡിസംബർ 25-നെപ്പറ്റി ആദ്യം പ്രസ്താവിച്ച് കാണുന്നത്. പൗരസ്ത്യ സഭയിലും കിഴക്കൻ സഭകളിലും ഈ തീയതിയിലെ ആഘോഷം ആരംഭിച്ചത് പല കാലങ്ങളിലായിട്ടാണ്. ക്രിസ്തുവിന്റെ ജനനം അതിശൈത്യമുള്ള ഒരു രാത്രിയിൽ ആയിരുന്നു. അട്ടിടയന്മാർ അനുഭവിച്ച ആ ശൈത്യം അന്നത്തെ ആരാധനയിലൂടെ നാം അനുഭവിക്കുന്നു. അന്ധകാരയുഗം പ്രകാശത്തെ പ്രസവിച്ചു എന്ന സത്യത്തിന് ഈ ആരാധനയിലൂടെ വിശ്വാസികൾ സാക്ഷികളാകുന്നു.

വി. ലൂക്കോസ് 10:1–16, വി. ലൂക്കോസ് 10:17–24, വി. മത്തായി 14:14–23.

ആവർത്തനം 33:23–29, യോശുവാ 6:14–18, ഏശായ 65:1–12.

പ്രവൃത്തി 6:1–7, 1 കൊരി. 10:14–18.

F. പെന്തിക്കോസ്തി കഴിഞ്ഞ് അഞ്ചാം ഞായർ 4/8

ഏതു സമൂഹത്തിലും ആരാണ് വലിയവൻ എന്ന തർക്കം സ്വാഭാവികം. അരയിൽ തൂവാല കെട്ടി സ്വശിഷ്യരുടെ പാദം കഴുകിയ കർത്താവാണ് മാതൃക. ലൗകിക മാനദണ്ഡങ്ങൾ അസ്വീകാര്യം.

വി. മർക്കോസ്. 9:30–41, വി. മത്തായി 20:17–28, വി. മർക്കോസ് 9:33–41.
പുറപ്പാട് 23:14–19, ഹോശയാ 14:6–10, ഏശായ 40:27–31.
പ്രവൃത്തി 9:1–15, 2 കൊരി. 5:14–20.

G. പെന്തിക്കോസ്തി കഴിഞ്ഞ് ആറാം ഞായർ 5/1

പരിശുദ്ധാത്മാവിന്റെ ഒന്നാമത്തെ ഫലം ആണ് സ്നേഹം. അതിൽനിന്ന് വേണം ക്രിസ്തീയ പ്രതികരണങ്ങൾ മുള പൊട്ടുവാൻ. പരിശുദ്ധാത്മ പ്രവർത്തനത്തെ അറിഞ്ഞുകൊണ്ട് പ്രതിരോധിക്കുന്നത് അക്ഷന്തവ്യമായ അപരാധമാണ്. ഒരാളിന്റെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുന്നത് ആത്മാവിന് വിരുദ്ധമായ അനീതിയാണ്. പരിശുദ്ധാത്മഹിതത്തിന് ഏവരും കീഴ്പ്പെടുകയാണ് വേണ്ടത്.

വി. ലൂക്കോസ് 17:1–10, വി. മർക്കോസ് 6:30–46, വി. ലൂക്കോസ് 13:22–35.
പുറപ്പാട് 30:34–38, 2 ശമുവേൽ 3:17–21, ഏശായ 14:22–27.
പ്രവൃത്തി 1:15–18, 1 കൊരി. 8:1–8.

H. പെന്തിക്കോസ്തി കഴിഞ്ഞ് ഏഴാം ഞായർ 6/2

വി. മത്തായി 12:30–37, വി. മത്തായി 12:38–50, വി. മർക്കോസ് 3:20–30.

പ. റൂഹാ ത്രിത്വത്തിലെ മൂന്നാമൻ ആകുന്നു. റൂഹായുടെ വ്യാപാരത്തിന് കീഴ്പ്പെടുവാൻ പരിശീലിക്കണം. ലോകാവസാനംവരെ മനുഷ്യനെ വഴിനടത്തുന്ന ദൈവസാന്നിധ്യം ആകുന്നു റൂഹാ. അനന്യാസും സഫീറയും പ. റൂഹായെ വഞ്ചിച്ചു. ഫലം അനുഭവിക്കുകയും ചെയ്തു. കാഴ്ചയിൽ വ്യത്യാസമില്ലെങ്കിലും അനുഭവത്തിൽ റൂഹായുടെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവർ ആകാൻ ഈ കാലം നമ്മോടാവശ്യപ്പെടുന്നു.

ലേവ്യർ 16:29–34, 1 ശമുവേൽ 4:18–22, ഏശായ 57:15–19.
പ്രവൃത്തി 4:24–31, എഫേസ്യർ 2:11–18.

I. പെന്തിക്കോസ്തി കഴിഞ്ഞ് എട്ടാം ഞായർ 7/3

വി. മർക്കോസ് 4:1–23, വി. മത്തായി 13:10–23, വി. മർക്കോസ് 4:1–20.
പുറപ്പാട് 3:9–15, യിരമ്യാവ് 7:21–25, ഏശായ 52:1–8.

നല്ല മണ്ണിലേ വിത്ത് നല്ല ഫലം നൽകൂ. പ്രാർത്ഥന, അനുതാപം, വേദവായന, ധ്യാനം തുടങ്ങിയവ മനസ്സിനെ ഒരുക്കുവാനുള്ള പ്രവർത്തനങ്ങൾ ആണ്. അപ്രകാരമുള്ള വയലിൽ വേണം വിത്തു വിതയ്ക്കാൻ. സുവിശേഷ പ്രവർത്തനത്തിൽ ഇത് പ്രധാനമാണ്.

J. പെന്തിക്കോസ്തി കഴിഞ്ഞ് ഒമ്പതാം ഞായർ 8/4

വി. മത്തായി 13:24–35, വി. മത്തായി 13:36–42, വി. ലൂക്കോസ് 14:7–11.

ആവർത്തനം 4:1-6, സദൃശ. 13:1-7, ഏശായ 24:1-5.
പ്രവൃത്തി 28:11-22, 1 കൊരി. 6:1-11.

കലഹകാരണങ്ങളിൽ പ്രധാനമാണ് സ്ഥാനമാനങ്ങളെ ചൊല്ലിയുള്ള തർക്കം. ഏറ്റവും ഒടുവിലത്തെ സ്ഥാനം കാംക്ഷിക്കുക. തർക്കം ഉത്ഭവിക്കാതിരിക്കാൻ അതാണ് മാർഗ്ഗം. 'താഴ്മ താനഭ്യുന്നതി' എന്ന് കവിയും പാടുന്നു. ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു. എളിയവരെ താൻ പിന്തുണയ്ക്കുന്നു. അതാണ് ആത്മാവിന്റെ പാഠം.

K. പെന്തിക്കോസ്തി കഴിഞ്ഞ് പത്താം ഞായർ 1/5

വി. ലൂക്കോസ് 9:12-17, വി. മത്തായി 16:13-20, വി. മത്തായി 18:1-14.

സൗമ്യത, വിനയം, താഴ്മ, ആത്മനിയന്ത്രണം എന്നിവയൊക്കെ ആത്മാവിന്റെ ഫലങ്ങൾ ആണ്; നാം വളർത്തിയെടുക്കേണ്ടവ.

പുറപ്പാട് 15:23-27, ഇയ്യോബ് 42:9-17, സങ്കീ. 112:23-31.
പ്രവൃത്തി 28:23-31, റോമർ 10:5-21.

L. പെന്തിക്കോസ്തി കഴിഞ്ഞ് പതിനൊന്നാം ഞായർ 2/6

വി. മത്തായി 18:15-22, വി. മർക്കോസ് 9:33-50, വി. മർക്കോസ് 6:7-13.
ലേവ്യർ 19:13-18, യോശുവാ 23:7-14, മലാഖി 4:1-6.

സുവിശേഷ വേലക്കാർക്കുള്ള ഉപദേശം. ഒരുപാട് കരുതൽ വേണ്ട. ദൈവം നോക്കിക്കൊള്ളും. നിങ്ങൾ മറ്റുള്ളവർക്ക് അനുഗ്രഹമായിത്തീരും. എണ്ണ പൂശി രോഗികളെ സൗഖ്യമാക്കുവാൻ ശിഷ്യന്മാർ വിജയപൂർവ്വം ശ്രമിക്കുന്നു.

M. പെന്തിക്കോസ്തി കഴിഞ്ഞ് പന്ത്രണ്ടാം ഞായർ 3/7

വി. ലൂക്കോസ് 7:11-17, വി. യോഹന്നാൻ 14:19-26, വി. യോഹ. 16:7-15.
പുറപ്പാട് 35:30-36:7, യഹസ്ക്കിയേൽ 39:25-29, യിരമ്യാവ് 3:14-25.
പ്രവൃത്തി 8:14-24, റോമർ 14:13-23.

റൂഹായുടെ വരവിനെപ്പറ്റി യേശു ശിഷ്യന്മാരെ ധൈര്യപ്പെടുത്തുന്നു. ത്രിത്വത്തിലെ ആളത്വങ്ങൾ തമ്മിലുള്ള ബന്ധവും വെളിപ്പെടുത്തുന്നു. റൂഹായുടെ അവരോഹണത്തിന്റെ അനിവാര്യത ശിഷ്യരെ ബോധ്യപ്പെടുത്തുന്നു.

ശ്ലീഹാ നോമ്പുവീടൽ (ജൂൺ 29)
മാർ പത്രോസ്, മാർ പൗലൂസ് ശ്ലീഹന്മാരുടെ ഓർമ്മ. രാഗം 5

വി. മത്തായി 16:13-20, വി. മത്തായി 19:27-30, വി. മത്തായി 16:13-28.
ഉല്പത്തി 12:1-9, 1 രാജാ. 8:1-6, ഏശായ 43:1-14.
പ്രവൃത്തി 1:12-26, 1 കൊരി. 12:28-13:10.

വിശ്വാസദാർഢ്യം ശിഷ്യരിൽ തലവന്മാരെ നയിച്ചു എന്ന് അറിഞ്ഞ് അവരെ അനുകരിക്കുന്നു. പരീക്ഷണങ്ങളിൽ പതറുന്നില്ല.

പെസ്ഗോമോ. സങ്കീർത്തനം 19:4, 92:13-14.

'ഭൂമിയിൽ എല്ലാടവും അതിന്റെ അളവുനൂലും ഭൂതലത്തിന്റെ അറ്റത്തോളം അതിന്റെ വചനങ്ങളും ചെല്ലുന്നു. അവിടെ അവർ സൂര്യന് ഒരു കൂടാരം അടിച്ചിരിക്കും.'

'വാർദ്ധക്യത്തിലും അവർ ഫലം കായിച്ചുകൊണ്ടിരിക്കും. അവർ പുഷ്ടിവെച്ചും പച്ചപിടിച്ചുമിരിക്കും.'

പന്ത്രണ്ടു ശ്ലീഹന്മാരുടെ ഓർമ്മ (ജൂൺ 30) രാഗം 8

വി. മത്തായി 9:36-10:5, വി. യൂഹാനോൻ 21:15-25, വി. ലൂക്കോസ് 6:12-23.

ഉല്പത്തി 12:1-9, യിരമ്യാവ് 16:16-21, ഏശായ 43:1-14.

പ്രവൃത്തി 2:37-47, ഗലാത്യർ 2:1-10.

പെസ്ഗോമോ. സങ്കീ. 19:4, 92:134.

മുൻ പെസ്ഗോമോ കാണുക.



OSSAE യുടെ ഓഫീസ് അഡ്മിനിസ്ട്രേറ്റർ ആയി നിയമിതനായ ഡീക്കൻ ജോബ് സാം മാത്യു.



ബോംബെ ഭദ്രാസനത്തിലെ ചെമ്പൂർ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ മുംബൈയിലെ റഷ്യൻ ഓർത്തഡോക്സ് സഭാംഗങ്ങൾ ആരാധന നടത്തുന്നു. ഫാ. ക്ലമെന്റിന്റെ നേതൃത്വത്തിലുള്ള സംഘമാണ് ആരാധനക്ക് നേതൃത്വം നൽകിയത്.



പോത്താനിക്കാട് മേഖല നേതൃയോഗം നടത്തി

പൈങ്ങോട്ടൂർ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ പോത്താനിക്കാട് മേഖല നേതൃയോഗം ഞാറക്കാട് സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ നടത്തി. ഐസക് ചെനയപ്പിള്ളിയിൽ കോർഎപ്പിസ്കോപ്പാ ഉത്ഘാടനം ചെയ്തു. ഫാ. വിജു ഏലിയാസ് അദ്ധ്യക്ഷത വഹിച്ചു. ഫാ. എബ്രഹാം എം. എം., ഫാ. കെ. കെ. മാർക്കോസ്, ഫാ. ബിനോയ് വർഗീസ്, ഫാ. ബാബു എബ്രഹാം, ഫാ. ജിതിൻ ജോർജ്, റോയി ഐസക്, ബ്ലെസ്സൺ ചാത്തമറ്റം, ബാബു പോൾ പരപ്പനാട്ട് എന്നിവർ പ്രസംഗിച്ചു. സർക്കാരിന്റെ സഭക്കെതിരെയുള്ള നീതി നിഷേധത്തിനെതിരെ പ്രധിഷേധ പരിപാടികൾ സംഘടിപ്പിക്കാൻ യോഗം തീരുമാനിച്ചു.

സഭാചരിത്രം

3

സഹായത്തിന്റെ ദൗത്യത്തിൽനിന്ന് അധികാരത്തിന്റെ അകത്തളത്തിലേയ്ക്ക്

ഡോ. എം. കുര്യൻ തോമസ്

അധികാരം: മുകളിൽ പ്രതിപാദിച്ചതുപോലെ പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ അന്ത്യോഖ്യായുടെ ഗീവർഗീസ് തൃതീയൻ പാത്രിയർക്കീസാണ് മലങ്കരയെ തന്റെ കോളനിയും ധനസ്രോതസും ആക്കി മാറ്റാൻ ശ്രമമാരംഭിച്ചത്. മലങ്കരയുടെമേൽ അധികാരമുറപ്പിക്കാനുള്ള വ്യക്തമായ പദ്ധതിയുമായാണ് മാർ ബസേലിയോസ് ശക്രുള്ളായുടെ നേതൃത്വത്തിൽ മഫ്രിയാനാ മുതൽ ശെമ്മാശു വരെയുള്ള സ്ഥാനികളടങ്ങുന്ന ഒരു വൈദികവൃന്ദത്തെ പാത്രിയർക്കീസ് 1751-ൽ മലങ്കരയിലേയ്ക്കയച്ചത്. പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിലുള്ള ഗ്രന്ഥങ്ങൾ, മദ്ബഹാ ഉപകരണങ്ങൾ, തിരുശേഷിപ്പുകൾ ഇവ കൂടാതെ ... *മലയാളത്തിൽ വാഴുന്ന മാർത്തോമ്മാൻ മെത്രാനെ മാർ ദിവന്നാസ്യോസു മെത്രാപൌലിത്താ ആയിട്ടു വാഴിക്കത്തക്കവണ്ണം സൌത്താത്തിക്കോനും, വടിയും, മുടിയും, സ്ലീവായും കൊടുത്താണ്* അവരെ അദ്ദേഹം യാത്രയാക്കിയത്. വ്യക്തമായ ലക്ഷ്യങ്ങൾ മാർ ബസേലിയോസ് ശക്രുള്ളായ്ക്കു മുമ്പിലുണ്ടായിരുന്നു. വിവിധ രേഖകളുടെ അടിസ്ഥാനത്തിൽ നടത്തിയ പഠനങ്ങളിൽ നിന്നും അവയെ താഴെ പറയുംവിധം സംഗ്രഹിക്കാം.

1. മാർത്തോമ്മാ അഞ്ചാമന്റെ പട്ടം അസാധുവാണെന്നു പ്രഖ്യാപിച്ച് അദ്ദേഹത്തെ പുനരഭിഷേകം ചെയ്ത് വിധേയനാക്കുക.

2. ശീമ മെത്രാന്മാരുടെ നേരിട്ടുള്ള ഭരണത്തിന്റെ കീഴിൽ അന്ത്യോഖ്യാ പാത്രിയർക്കീസിനു വിധേയമായ ഒരു ഭരണസംവിധാനം രൂപപ്പെടുത്തുക.

3. ആരാധനക്രമങ്ങളും അനുഷ്ഠാനങ്ങളും പൂർണ്ണമായും പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിലാക്കുക.

4. അന്ത്യോഖ്യാ പാത്രിയർക്കീസിനു ക്രമമായി റിശീസാ പിരിച്ചയക്കാൻ സംവിധാനമുണ്ടാക്കുക.

ഗീവർഗീസ് തൃതീയൻ പാത്രിയർക്കീസ് മാർത്തോമ്മാ അഞ്ചാമന് 1749 ഓഗസ്റ്റ് 15-നും, 1753 ചിങ്ങം 25-നും എഴുതിയ കത്തുകളിൽ .... *അദ്ദേഹം* (ശക്രുള്ളാ മഫ്രിയാനാ) *വിശ്വാസികൾ മുഴുവന്റെയും, പട്ടക്കാരുടെയും, ശെമ്മാശന്മാരുടെയും, പ്രധാന പുരോഹിതരുടെയും, മലബാറിലെ ഇടവക മുഴുവന്റെയും തലവനായിരിക്കും... എല്ലാ കാര്യങ്ങൾക്കുമുള്ള അധികാരം അദ്ദേഹത്തിനു നൽകിയിരിക്കുന്നു...* എന്നും *...അദ്ദേഹത്തിന്റെ കല്പനകൾ അനുസരിക്കണമെന്നും...* ആവർത്തിച്ചു ആവശ്യപ്പെടുന്നത് ഈ അധിനിവേശ പദ്ധതിയുടെ പ്രകടമായ ബഹിർസ്ഫുരണമാണ്. *മാർത്തോമ്മാ മെത്രാൻ* എന്ന ദേശീയ സ്ഥാനനാമം മാറ്റി അന്ത്യോഖ്യാ പാത്രിയർക്കീസിന്റെയും തങ്ങളുടെയും കീഴിലുള്ള ഒരു മെത്രാൻ മാത്രമായി *മാർ ദിവന്നാസ്യോസ്* എന്ന പേരിൽ വാഴിക്കുക എന്നതായിരുന്നു 1751-ൽ വന്ന അന്ത്യോഖ്യൻ മെത്രാന്മാരുടെ ഉദ്ദേശ്യം. അന്ത്യോഖ്യയുടെ ഗീവർഗീസ് പാത്രിയർക്കീസ്, അഞ്ചാം മാർത്തോമ്മായ്ക്ക് 1752 ചിങ്ങം 25-ന് അയച്ച കത്തിൽ, ദിവന്നാസ്യോസ് എന്ന പേരിൽ പുനരഭിഷേകം പ്രാപിക്കണമെന്നും അന്ത്യോഖ്യയുടെ അധികാരം സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം കത്തുകളിലെ മാർ ബസേലിയോസ് ശക്രുള്ളായെപ്പറ്റി *...പാത്രിയർക്കാ ഭോഗങ്ങളുടെയും യറുശലേമിലെ വി. കബറിടത്തിലേക്കുള്ള ഭോഗങ്ങളുടെയും ശേഖരണത്തിന്റെ ചുമതല അദ്ദേഹത്തിനായിരിക്കും...* എന്ന ഭാഗം ധനശേഖരണം എന്ന ലക്ഷ്യം ഉറപ്പിക്കുന്നതാണ്.

പക്ഷേ ഇരുപതു വർഷത്തെ ഇവരുടെ അശ്രാന്ത പരിശ്രമത്തിനും



മാർത്തോമ്മാ അഞ്ചാമനെയോ ആറാമനെയോ കീഴ്പ്പെടുത്താൻ പര്യാപ്തമായില്ല. അതേ സമയം *അപ്പനുമല്ല ചിറ്റപ്പനുമല്ല* വാദികളുടെ സാന്നിദ്ധ്യം പ്രശ്നം രൂക്ഷമായി നിലനിർത്തുകയും ചെയ്തു. ഇതിനിടയിൽ ശക്തമായ രാഷ്ട്രീയ ഇടപെടലുകളുടെ ഫലമായി ഒരു ഒത്തുതീർപ്പിന് ഇരുവിഭാഗവും തയാറായി. *മലങ്കര പള്ളിയോഗ*ത്തിന്റെ അംഗീകാരത്തോടെ ശക്രുള്ളാ മഫ്രിയാനായും മാർത്തോമ്മാ അഞ്ചാമനും തമ്മിൽ 1754 ധനു 18-ന് ഒരു ഉടമ്പടി ഉണ്ടാക്കി. ഈ സന്ധിയിലെ പ്രധാന വ്യവസ്ഥകൾ: 1) മാർത്തോമ്മാ മെത്രാന്റെ അനുമതി കൂടാതെ ബസേലിയോസ് പട്ടക്കാരെയും ശെമ്മാശന്മാരെയും വാഴിച്ചുകൂടാ. 2) മാർതോമ്മാ എപ്പിസ്കോപ്പായുടെ *പട്ടക്കടലാസ്* കൂടാതെ ഒരാൾക്കും പട്ടം കൊടുത്തുകൂടാ. 3) പട്ടം വെട്ടുകയും (മലങ്കരയിലെ നടപ്പ്) തൊപ്പി വയ്ക്കുകയും (പാശ്ചാത്യ സുറിയാനി രീതി) ചെയ്യുന്നവർക്ക് ആ രീതികൾ തുടരാവുന്നതാണ്. 4) മാർത്തോമ്മാ നാലാമൻ സ്വീകരിച്ചിരുന്ന വിശ്വാസാചാരങ്ങൾ (മാർ ഈവാനിയോസ് ഹദിയള്ള നടപ്പാക്കിയത്) തുടരണം. 5) പകരം, അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആത്മീയ അധികാരം മാർത്തോമ്മാ അഞ്ചാമൻ അംഗീകരിച്ചു. എങ്കിലും 1754-ലെ സന്ധിക്കു ശേഷവും അന്ത്യോഖ്യൻ മെത്രാന്മാർ തങ്ങളുടെ അധിനിവേശ പ്രവർത്തനങ്ങൾ യഥേഷ്ടം തുടർന്നു എന്നതിനു രേഖകളുണ്ട്. പ്രതിസന്ധി തുടരുകയും ചെയ്തു.

ശക്രുള്ളാ മഫ്രിയാന കാലംചെയ്യുകയും, ഗ്രീഗോറിയോസ് യൂഹാനോൻ ദുർബലനാവുകയും ചെയ്തതോടെ അനുരഞ്ജനത്തിനുള്ള വഴിതെളിഞ്ഞു. മാർത്തോമ്മാ ആറാമനും, ശക്രുള്ളാ സംഘത്തിലെ മൂന്നാമനായ മാർ ഈവാനിയോസ് യൂഹാനോനുമാണ് ഇതിനു മുൻകൈയെടുത്തത്. വിരുദ്ധചേരികളുടെ വ്യത്യസ്ത രേഖകളായ *നിരണം ഗ്രന്ഥവരി*യും യാക്കോബ് തൃതീയൻ പാത്രിയർക്കീസിന്റെ *ഇന്ത്യയിലെ സുറിയാനി സഭ* എന്ന കൃതിയും ഈ സംഭവത്തെപ്പറ്റി നൽകുന്ന വിവരങ്ങൾ പരസ്പര പൂരകങ്ങളാണ്.

ശ്രദ്ധേയമായ മൂന്നു വസ്തുതകൾ ഈ വിവരണങ്ങളിലുണ്ട്. ഒന്നാമതായി, വി. കുർബാന അടക്കം ഏതാനും പാശ്ചാത്യ സുറിയാനിക്രമങ്ങൾ അംഗീകരിക്കണമെന്നു മാത്രമാണ് മാർ ഈവാനിയോസിന്റെ ആവശ്യം. രണ്ടാമതായി, മാർത്തോമ്മാ ആറാമൻ തങ്ങളിൽ നിന്ന് പുനരഭിഷേകം പ്രാപിക്കണമെന്ന് മാർ ഈവാനിയോസ് ആവശ്യപ്പെടുന്നില്ല. മൂന്നാമതായി, മാർ ഈവാനിയോസ് ഹദിയള്ളയെപ്പോലെ വിട്ടുവീഴ്ചകൾക്ക് മാർ ഈവാനിയോസ് യൂഹാനോനും

തയ്യാറാകുന്നു. ഈ വിവരണങ്ങളിൽ മാർ ഗ്രീഗോറിയോസിനെപ്പറ്റി പരാമർശനമില്ലെന്നുള്ളതും പ്രസക്തമാണ്.

ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ മാവേലിക്കര കൂടിയ *മലങ്കര പള്ളിയോഗം* ഒരു സമാധാന സന്ധിക്കു രേഖാരൂപം നൽകി. *നിരണം ഗ്രന്ഥവരി*യിലെ പരാമർശനപ്രകാരം ... *946-ാമാണ്ട് പുതിയകാവിൽ വച്ച പുത്തൻ ക്രമം നമസ്ക്കാരവും, പട്ടം കെട്ടുകയും കാപ്പയിട്ടു കുറുവാന ചൊല്ലുകയും, പെൺകെട്ടും മാമോദിസായും പഴയക്രമം നടന്നു കൊള്ളത്തക്കവണ്ണവും ഒരു പടിയോല എഴുതി. അതിൻവണ്ണം നടന്നുവന്നു.* ഇതിനെ തുടർന്ന് 1770 ഓഗസ്റ്റിൽ മാർ ദീവന്നാസ്യോസ് മാർ ഈവാനിയോസിന് ഒരു ഓലക്കരണം നൽകി. അതിൽ രണ്ടു കാര്യങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അവ. 1. പാശ്ചാത്യ സുറിയാനി ക്രമത്തിൽ വി. കുർബാന അർപ്പിച്ചുകൊള്ളാം. 2. ഈവാനിയോസ് മെത്രാനും മറ്റുള്ളവർക്കും പ്രതിദിനം ഒരു പണം വീതം ചിലവിനു നൽകാം. ഇതിലും മാർ ഗ്രീഗോറിയോസിന്റെ പേരെടുത്തു പറഞ്ഞിട്ടില്ലായെന്നത് പ്രത്യേകം ശ്രദ്ധാർഹമാണ്. പാത്രിയർക്കീസിനു റിശീസായോ മറ്റു ഭോഗങ്ങളോ നൽകാനും വ്യവസ്ഥയില്ല. ഇതിനെ തുടർന്ന് *മലങ്കര പള്ളിയോഗം* മാർ ദീവന്നാസ്യോസിന്റെ സമ്പൂർണ്ണാധികാരം അംഗീകരിച്ച് *യോഗസാധനം* നൽകി. പരദേശി മെത്രാന്മാർ ഭരണത്തിൽ കൈകടത്താതെ ഒഴിഞ്ഞു നിൽക്കണം എന്നും, അതിനാണ് നിത്യചിലവു നൽകുന്നതെന്നും ഇതിൽനിന്നും വ്യക്തമാണ്. ഈ സംഭവ വികാസങ്ങളെപ്പറ്റി *നിരണം ഗ്രന്ഥവരി*യിലെ ...*ഉണ്ടായിരുന്ന പിണക്കങ്ങളൊക്കെയും തമ്പുരാന്റെ തിരുമനസ്സാലെ മാർത്തോമ്മാശ്ലീഹായുടെ വാഴ്‌വാലെയും തീർന്ന നിരപ്പായിട്ടും ഒവിയാലയും ഐമോസ്യത്താലയും നടന്നുവരുമ്പോൾ*... എന്ന പരാമർശനം സത്യമാണെന്ന് ഈ *യോഗസാധനം* തെളിയിക്കുന്നു.

നസ്രാണി സമൂഹത്തിന്റെ ഐക്യത്തിനുവേണ്ടി മാത്രമാണ് മാർത്തോമ്മാ ആറാമൻ ഒരു ഒത്തുതീർപ്പിനു തയാറായതും, മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തപ്പെടാൻ തയാറായതും എന്ന് അദ്ദേഹത്തിന്റെ പിൽക്കാല നടപടികൾ വ്യക്തമാക്കുന്നു. പാത്രിയർക്കീസിന്റെ അനുവാദമൊന്നും വാങ്ങാതെതന്നെ വലിയ മാർ ദീവന്നാസ്യോസ്, പിൻഗാമി മാത്തൻ റമ്പാനെ ... *മിശിഹാ കാലം 1796-ൽ കൊല്ലം 971-ാമാണ്ട മേടമാസം 24-നു പെരുനാൾക്കു ചെങ്ങന്നൂർ പള്ളിയിൽവച്ച... മാർത്തോമ്മാ അപ്പസ്ക്കോപ്പാ ആയിട്ടു വാഴിക്കയും ചെയ്തു.* പാത്രിയർക്കീസ് തനിക്കു നൽകിയ *മാർ ദിവന്നാസ്യോസ്* എന്ന സ്ഥാന നാമം അദ്ദേഹം പിൻഗാമിക്കു നൽകിയുമില്ല. ചുരുക്കത്തിൽ പാത്രിയർക്കീസ് ഉദ്ദേശിച്ച സമ്പൂർണ്ണ വിധേയത്വം ലഭ്യമായില്ല എന്നു വ്യക്തം.

ഈ നടപടികളെ തുടർന്ന് തന്റെ ജീവിതകാലം മുഴുവൻ മാർ ഈവാനിയോസ് യൂഹാനോൻ വാക്കു പാലിച്ചു. പിന്നീടൊരിക്കലും മാർതോമ്മാ മെത്രാന്റെ അധികാരത്തെ ചോദ്യം ചെയ്യാനോ ഭരണത്തിൽ കൈ കടത്താനോ അദ്ദേഹം ശ്രമിച്ചില്ല. എന്നാൽ ഭഗ്നാശനായ മാർ ഗ്രീഗോറിയോസ് യൂഹാനോൻ അടങ്ങിയില്ല. ഒരു സമാന്തര ഭരണകൂടം സൃഷ്ടിക്കാൻ കാട്ടുമങ്ങാട്ട് കുര്യൻ കത്തനാർക്ക് മാർ കൂറിലോസ് എന്ന പേരിൽ അദ്ദേഹം മേല്പട്ടസ്ഥാനം നൽകി. പക്ഷേ ഇതു വെച്ചുപൊറുപ്പിക്കാൻ വലിയ മാർ ദീവന്നാസ്യോസ് തയ്യാറായില്ല. മാർ കൂറിലോസിനെ തിരുവിതാംകൂറിൽ നിന്നും കൊച്ചിയിൽ നിന്നും തുരത്തി. തന്റെ അധികാരാതിർത്തിയിൽ കടന്നു വൈദികസ്ഥാനം നൽകിയതിന് അദ്ദേഹത്തിന്റെ അനുജനെക്കൊണ്ട് പിഴ കെട്ടിച്ചു. സ്ഥാനം ഏറ്റവരും ശിക്ഷ അനുഭവിച്ചു. ആ അദ്ധ്യായം അങ്ങനെ അവസാനിച്ചു.

മാർ മാത്യൂസ് അത്താനാസ്യോസ്: വിചിത്രമായ ഒരു വസ്തുത, മലങ്കരയിൽ ഏതെങ്കിലുംവിധത്തിലുള്ള അധികാരം അന്ത്യോഖ്യാ പാത്രിയർക്കീസിനുണ്ടെന്നു സ്ഥാപിക്കപ്പെട്ടത് പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസ് മൂലമാണ്. മലങ്കരയ്ക്ക് മറ്റൊരു മെത്രാന്റെ യാതൊരു ആവശ്യവുമില്ലാതിരിക്കെയാണ് അദ്ദേഹം സ്വന്ത താല്പര്യപ്രകാരം മാത്രം അന്ത്യോഖ്യാ പാത്രിയർക്കീസിനെ സമീപിക്കുന്നതും 1843-ൽ മേല്പട്ടക്കാരനായി തിരിച്ചെത്തുന്നതും. അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ പട്ടം കെട്ടപ്പെട്ട മലങ്കരയിലെ ആദ്യ വ്യക്തിയായിരുന്നു അദ്ദേഹം. ജനങ്ങളുടെ തിരഞ്ഞെടുപ്പില്ലാത്ത മാർ മാത്യൂസ് അത്താനാസ്യോസിന് മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിന് അവകാശവാദമുന്നയിക്കുവാൻ യാതൊരു അവകാശവുമില്ലായിരുന്നു. പക്ഷേ തന്നെ മലങ്കര മെത്രാനായി പാത്രിയർക്കീസ് നിയമിച്ചിട്ടുണ്ടെന്നും, അതിനുള്ള അധികാരം അന്ത്യോഖ്യാ പാത്രിയർക്കീസിനാണെന്നും നിലവിലിരുന്ന പാരമ്പര്യത്തിനു കടകവിരുദ്ധമായി അദ്ദേഹം വാദിച്ചു. മലങ്കരയുടെമേൽ അധികാരമുറപ്പിക്കാൻ

> **പാത്രിയർക്കീസിന്റെ *നികുതി പിരിവുകാരൻ* എന്ന നില മാത്രമാണ് മെത്രാന്മാർക്ക് വകവെച്ചുകൊടുത്തത്. യാതൊരു സ്വാതന്ത്ര്യവുമില്ലാത്ത കേവലം അടിമകൾ. മലങ്കരയ്ക്ക് ഒരു പൊതു മേലധികാരി ഉള്ളതായി പാത്രിയർക്കീസ് കണക്കാക്കിയില്ല. മലങ്കര മെത്രാൻ എന്ന സ്ഥാനി ഉള്ളതായിപ്പോലും അംഗീകരിക്കാൻ പാത്രിയർക്കീസ് ഇത്തരുണത്തിൽ തയാറായില്ല. എന്നാൽ പിന്നീട് ആറു നവ മെത്രാന്മാരെയും തന്റെ അസിസ്റ്റന്റുമാരാക്കി സഭയ്ക്ക് പ്രയോജനപ്പെടുത്താൻ മാർ ദീവന്നാസ്യോസിനു സാധിച്ചു. കൂടുതൽ മെത്രാന്മാരെ വാഴിക്കാനുള്ള ശ്രമത്തിന് മാനേജിംഗ് കമ്മിറ്റി തടയിട്ടത് പാത്രിയർക്കീസിനേറ്റ ആദ്യ തിരിച്ചടിയായിരുന്നു.**

തക്കംപാർത്തിരുന്ന അന്ത്യോഖ്യാ പാത്രിയർക്കീസ്, മാർ യൂയാക്കീം കൂറിലോസെന്ന അന്ത്യോഖ്യൻ മെത്രാനെ ഈ സമയം കേരളത്തിലേയ്ക്കയച്ചു. അന്ന് മലങ്കര മെത്രാനായിരുന്ന ചേപ്പാട്ട് മാർ ദീവന്നാസ്യോസ് നാലാമൻ അധികാരമൊഴിയാൻ സന്നദ്ധത പ്രകടിപ്പിക്കുകയും മാർ അത്താനാസ്യോസും മാർ കൂറിലോസും ആ സ്ഥാനത്തിന് അവകാശവാദം ഉന്നയിക്കുകയും ചെയ്തതോടെ പ്രശ്നം സിവിൽ കോടതിയുടെ തീർപ്പിനു വിട്ടു.

മലങ്കര മെത്രാൻ സ്ഥാനത്തിന് മാർ അത്താനാസ്യോസും മാർ കൂറിലോസും ഉയർത്തിയ അവകാശവാദങ്ങൾ പരിഗണിച്ചത് തിരുവിതാംകൂർ സർക്കാർ നിയമിച്ച കൊല്ലം പഞ്ചായത്തു കോടതിയാണ്. ഇരു കക്ഷികളും തങ്ങളുടെ സ്ഥാനം അവകാശപ്പെട്ടത് *പാത്രിയർക്കീസിന്റെ നിയമനം* എന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമായിരുന്നു. അതിനാൽ പാത്രിയർക്കീസിന് അതിന് അധികാരമുണ്ടോ എന്ന വിഷയം അവിടെ പരിഗണനയ്ക്കു വന്നില്ല. മറ്റൊരു വാദവും ഉയർത്താൻ ഇരു കക്ഷികൾക്കും ഉണ്ടായിരുന്നില്ല. മലങ്കര മെത്രാൻ ഒരു സ്വദേശി ആയിരിക്കണം എന്നതിനാൽ മാർ അത്താനാസ്യോസിന് അനുകൂലമായി വിധി പ്രസ്താവിച്ചു. ഈ വിധിയുടെ അടിസ്ഥാനത്തിൽ 1852 കർക്കിടകമാസം 15-നു തിരുവിതാംകൂർ സർക്കാർ അദ്ദേഹത്തിനെ മലങ്കര മെത്രാപ്പോലീത്തായായി നിയമിച്ചുകൊണ്ടുള്ള തിരുവെഴുത്തുവിളംബരം പുറപ്പെടുവിച്ചു. പതിവിനു വിപരീതമായി അതിൽ ... *അന്ത്യോഖ്യയിൽനിന്നും എഴുത്തും വാങ്ങിച്ചുകൊണ്ടു വന്നിരിക്കുന്ന* ... എന്നു ചേർത്തതോടെ മുൻ പതിവില്ലാത്ത അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ നിയമനാധികാരത്തിനു രേഖീയ പിൻബലമായി.

പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസിന് എതിർശക്തിയായി ഉയർന്നുവന്ന പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമന് ഒരേ സമയം രണ്ട് ശത്രുക്കളോട് ഏറ്റുമുട്ടേണ്ടി വന്നു. ഒന്നാമത് മാർ ദീവന്നാസ്യോസ് എന്ന ശത്രുവിന്റെ ശക്തി മനസിലാക്കിയ മാർ മാത്യൂസ് അത്താനാസ്യോസ് തന്നെ. രണ്ടാമത് കൊല്ലം പഞ്ചായത്തു കോടതിയിൽ പരാജയപ്പെട്ടിട്ടും മടങ്ങിപ്പോകാതെ *മുക്കാൽ പാത്രിയർക്കീസു ചമഞ്ഞ്* മലങ്കരയിൽ കറങ്ങിനടന്ന മാർ യൂയാക്കീം കൂറിലോസ്. മാർ ദീവന്നാസ്യോസിനെ നിലംതൊടിക്കാതിരിക്കാൻ മാർ അത്താനാസ്യോസുമായി അവിശുദ്ധ കൂട്ടുകെട്ടുണ്ടാക്കാൻ പോലും മാർ കൂറിലോസ് മടിച്ചില്ല. അതിനാൽ സുഗമമായി പ്രവർത്തിക്കാനോ തന്ത്രങ്ങൾ രൂപീകരിയ്ക്കാനോ ആദ്യകാലത്ത് മാർ ദീവന്നാസ്യോസിനു സാധിച്ചില്ല. ഇതിലൊക്കെ ഉപരിയായി, പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസിനെ മലങ്കര മെത്രാനായി നിയമിച്ചുകൊണ്ടുള്ള തിരുവെഴുത്തു വിളംബരം *അഴിയാത്ത വേലിയും പൊളിയാത്ത കോട്ടയുമായി* അദ്ദേഹത്തിനു മുമ്പിൽ വഴിമുടക്കി നിന്നു.

പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസിന്റെ ബലഹീന വശം ഏകാധിപത്യപരമായ പ്രവർത്തനങ്ങളാണെന്ന വസ്തുത ചാണക്യബുദ്ധിയായ മാർ ദീവന്നാസ്യോസ് അഞ്ചാമൻ മനസിലാക്കി. അതേപോലെതന്നെ മാർ മാത്യൂസ് അത്താനാസ്യോസിനോ അദ്ദേഹം പിൻഗാമിയായി ഏകപക്ഷീയമായി വാഴിച്ച സ്വന്തം പിതൃസഹോദര പുത്രൻ പാലക്കുന്നത്ത് തോമസ് അത്താനാസ്യോസിനോ ജനങ്ങളുടെ തിരഞ്ഞെടുപ്പ് ഇല്ല എന്ന വസ്തുതയും അദ്ദേഹത്തിനറിയാമായിരുന്നു. തനിക്കും സമാന ദൗർബല്യമുണ്ടെന്ന വസ്തുതയും അദ്ദേഹം വിസ്മരിച്ചില്ല. ഇവയെല്ലാം ഒറ്റയടിക്കു ആദായപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് 1873-ൽ അദ്ദേഹം പരുമല സെമിനാരിയിൽ മലങ്കര പള്ളി

യോഗം വിളിച്ചുകൂട്ടിയത്. അവിടെ വെച്ച് *മെത്രാന്മാരുടെ ഏകനായകത്വത്തിന് എതിർശക്തിയായി* അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചു ജനഹിതം മാനിച്ചു. അതോടൊപ്പം അതിന്റെ പ്രസിഡന്റായി തന്നെ തിരഞ്ഞെടുത്തതോടെ *ജനങ്ങളുടെ തിരഞ്ഞെടുപ്പ്* എന്ന കടമ്പയും അദ്ദേഹം കടന്നു.

പക്ഷേ സാങ്കേതികമായി 1873-ലെ പരുമല യോഗത്തിനു നിയമസാധുതയില്ലായിരുന്നു. കാരണം മലങ്കര മെത്രാനു മാത്രമായിരുന്നു മലങ്കര പള്ളിയോഗം വിളിച്ചുകൂട്ടാനുള്ള അധികാരം. അതിനാൽ പരുമല യോഗനിശ്ചയം കോടതിയിൽ നിലനിൽക്കുകയില്ലായിരുന്നു. ഈ സാഹചര്യത്തിലാണ് അന്ത്യോഖ്യാ പാത്രിയർക്കീസിനെ മലങ്കരയിലേയ്ക്ക് ക്ഷണിക്കാൻ മാർ ദീവന്നാസ്യോസ് അഞ്ചാമൻ തീരുമാനിച്ചത്. അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ഒരു മലങ്കര പള്ളിയോഗം കൂടുക എന്നതായിരുന്നു ലക്ഷ്യം. പാത്രിയർക്കീസിന്റെ സ്ഥാനപതി എന്നവകാശപ്പെടുന്ന യൂയാക്കീം കൂറിലോസിനോ, അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കര മെത്രാനെ *ആക്കാനും നീക്കാനും* അധികാരമുണ്ടെന്നു വാദിച്ച് ആ സ്ഥാനം കരസ്ഥമാക്കിയ മാർ മാത്യൂസ് അത്താനാസ്യോസിനോ അത്തരമൊരു യോഗത്തെ എതിർക്കാനാവില്ലെന്നു മാർ ദീവന്നാസ്യോസ് അഞ്ചാമൻ മനസിലാക്കി. മാത്രമല്ല, ... *അന്ത്യോഖ്യയിൽനിന്നും എഴുത്തും വാങ്ങിച്ചുകൊണ്ടു വന്നിരിക്കുന്ന* ... എന്നു കാണിച്ചു നൽകിയ തിരുവെഴുത്തു വിളംബരം ആ സ്ഥാത്തിക്കോൻ നൽകിയ അന്ത്യോഖ്യാ പാത്രിയർക്കീസ് നേരിട്ടഭ്യർത്ഥിച്ചാൽ തിരുവിതാംകൂർ മഹാരാജാവ് പിൻവലിക്കുമെന്നും അദ്ദേഹം കണക്കു കൂട്ടി. അങ്ങനെ പത്രോസ് തൃതീയൻ പാത്രിയർക്കീസ് കേരളത്തിലെത്തി. ഇന്ത്യൻ മണ്ണിൽ കാൽ കുത്തുന്ന ആദ്യ അന്ത്യോഖ്യാ പാത്രിയർക്കീസാണ് അദ്ദേഹം.

മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ കണക്കുകൂട്ടൽ പിഴച്ചില്ല. തിരുവിതാംകൂർ രാജാവ് തിരുവെഴുത്തു വിളംബരം ഭേദഗതി ചെയ്ത് മലങ്കര മെത്രാൻ സ്ഥാനതർക്കം സിവിൽ കോടതികൾക്ക് വിധേയമാക്കി. 1876-ൽ മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടി പരുമല സുന്നഹദോസ് നിശ്ചയങ്ങൾ വീണ്ടും പാസാക്കുകയും അദ്ദേഹത്തെ പ്രസിഡന്റായി തിരഞ്ഞെടുക്കുകയും ചെയ്തു. പക്ഷേ അതിനപ്പുറം പാത്രിയർക്കീസിന്റെ സന്ദർശനം പുതിയൊരു അധികാര വടംവലിയുടെ ആരംഭമായിരുന്നു.

തുർക്കി സുൽത്താൻ ഫർമാൻ പിൻവലിക്കുന്നതുപോലെ തിരുവിതാംകൂർ രാജാവ് തിരുവെഴുത്തു വിളംബരം പിൻവലിച്ചാൽ അധികാരവും സ്വത്തും പണവുമെല്ലാം തന്റെ കൈയിലെത്തുമെന്നായിരുന്നു പാത്രിയർക്കീസിന്റെ ധാരണ. പക്ഷേ അതു തെറ്റാണെന്നും, തിരുവിതാംകൂർ ഒരു നിയമവിധേയമായ രാജ്യമാണെന്നും പത്രോസ് തൃതീയന് ഉടനടി മനസിലായി. ദീർഘമായ വ്യവഹാരങ്ങൾ വേണ്ടിവരുമെന്നും അതു ജയിച്ചാൽ തന്നെ അതിന്റെ പ്രയോജനം മാർ ദീവന്നാസ്യോസ് അഞ്ചാമനായിരിക്കുമെന്നും അദ്ദേഹം തിരിച്ചറിഞ്ഞു. തുടർന്ന് മറ്റു മാർഗ്ഗങ്ങളിലൂടെ തന്റെ അധികാരം ഉറപ്പിക്കാനായിരുന്നു സന്ദർശനത്തിന്റെ രണ്ടാം പകുതിയിൽ പാത്രിയർക്കീസിന്റെ ശ്രമം. അതിന്റെ ആദ്യപടിയായി 1876-ൽ മുളന്തുരുത്തി സുന്നഹദോസിൽ വീണ്ടും പാസാക്കിയ പരുമല നിശ്ചയങ്ങളുടെ ആദ്യഭാഗത്ത് അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരസഭമേൽ മേലധികാരമുണ്ടെന്ന രീതിയിൽ ഒരു *പൊടിപ്പ്* പാത്രിയർക്കീസ് കൂട്ടിച്ചേർത്തു. ഇതിനു പ്രതിവിധിയായി, *അന്ത്യോഖ്യാ സിംഹാസനത്തുമ്മെൽ അവിടുത്തെ മജലീസിനും ഇവിടുത്തെ മജലീസിനും തുല്യ അവകാശവും സംബന്ധവുമാണെന്ന* ഒരു *തൊങ്ങൽ* മുളന്തുരുത്തി കാനോനാകളുടെ അവസാനം കൂട്ടിച്ചേർത്ത് മാർ ദീവന്നാസ്യോസ് പാത്രിയർക്കീസിന്റെ *പൊടിപ്പിനെ* നിഷ്പ്രഭമാക്കി. മാനേജിംഗ് കമ്മിറ്റിയും മാർ ദീവന്നാസ്യോസും തനിക്ക് സമസ്താധികാരവും ഉഴിഞ്ഞുവെച്ച രജിസ്റ്റർ ഉടമ്പടി നൽകണമെന്ന് പാത്രിയർക്കീസ് കല്പിച്ചെങ്കിലും ഫലമുണ്ടായില്ല.

ഈ സാഹചര്യത്തിലാണ് പള്ളികളിൽ നിന്നും രജിസ്റ്റർ ഉടമ്പടി വാങ്ങാനും വിധേയത്വത്തിന്റെ രജിസ്റ്റർ ഉടമ്പടി വാങ്ങി മെത്രാന്മാരെ വാഴിക്കാനും ആരംഭിച്ചത്. മലങ്കരയെ തന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കുക എന്ന ലക്ഷ്യം നവമെത്രാന്മാർക്ക് നൽകിയ സ്ഥാത്തിക്കോനിൽ വ്യക്തമാകുന്നുണ്ട്. അവ:

1. എല്ലാ മേല്പട്ടക്കാരും പാത്രിയർക്കീസിന്റെ നേരിട്ടുള്ള അധികാരത്തിൻകീഴിലാണ്.

2. പാത്രിയർക്കീസിന്റെ കല്പനപ്രകാരം മാത്രം അവർ ഭരണം നടത്തുന്നു.

3. പാത്രിയർക്കീസിന് റീശീസാ എത്തിച്ചു കൊടുക്കുക എന്നതാണ് അവരുടെ മുഖ്യ ജോലി.

4. ഒരു കല്പന മൂലം പാത്രിയർക്കീസിന് അവരെ നീക്കം ചെയ്യാം.

5. ഇതിനെതിരെ കോടതിയെ സമീപിച്ചാൽ മെത്രാനെ മുടക്കാം.

ചുരുക്കത്തിൽ പാത്രിയർക്കീസിന്റെ *നികുതി പിരിവുകാരൻ* എന്ന നില മാത്രമാണ് മെത്രാന്മാർക്ക് വകവെച്ചുകൊടുത്തത്. യാതൊരു സ്വാതന്ത്ര്യവുമില്ലാത്ത കേവലം അടിമകൾ. മലങ്കരയ്ക്ക് ഒരു പൊതു മേലധികാരി ഉള്ളതായി പാത്രിയർക്കീസ് കണക്കാക്കിയില്ല. മലങ്കര മെത്രാൻ എന്ന സ്ഥാനി ഉള്ളതായിപ്പോലും അംഗീകരിക്കാൻ പാത്രിയർക്കീസ് ഇത്തരുണത്തിൽ തയാറായില്ല. എന്നാൽ പിന്നീട് ആറു നവ മെത്രാന്മാരെയും തന്റെ അസിസ്റ്റന്റുമാരാക്കി സഭയ്ക്ക് പ്രയോജനപ്പെടുത്താൻ മാർ ദീവന്നാസ്യോസിനു സാധിച്ചു. കൂടുതൽ മെത്രാന്മാരെ വാഴിക്കാനുള്ള ശ്രമത്തിന് മാനേജിംഗ് കമ്മിറ്റി തടയിട്ടത് പാത്രിയർക്കീസിനേറ്റ ആദ്യ തിരിച്ചടിയായിരുന്നു.

എന്നാൽ പാത്രിയർക്കീസിന്റെ കൊളോണിയൽ മോഹങ്ങൾക്ക് യഥാർത്ഥ തിരിച്ചടി ലഭിച്ചത് 1889-ലെ റോയൽ കോടതി വിധിയിലാണ്. 1889 ജൂലൈ 12-ന് മാർ ദീവന്നാസ്യോസിന് അനുകൂലമായി അവസാനിച്ച സെമിനാരി കേസിന്റെ റോയൽ കോടതി വിധിയിൽ പാത്രിയർക്കീസിനു മലങ്കരയിൽ ലൗകികാധികാരം ഇല്ലെന്നും റിശീസ, പാത്രിയർക്കീസിനുള്ളതോ ഭരിക്കുന്ന മെത്രാനുള്ളതോ എന്നു പറയാനാവില്ലെന്നും, ജനങ്ങളുടെ തെരഞ്ഞെടുപ്പു കൂടാതെ വാഴിക്കപ്പെടുന്ന മെത്രാന്മാർക്ക് ഭരണാധികാരം ഇല്ലെന്നും നിശ്ചയിച്ചിരുന്നു. ഇത് മലങ്കരയിലെ പള്ളികളും സ്വത്തുക്കളും തനതു വകയെന്നു വിശ്വസിച്ചിരുന്ന പാത്രിയർക്കീസിനെ ഞെട്ടിച്ചു. ഈ പരാമർശനങ്ങൾക്കു പിന്നിൽ മാർ ദീവന്നാസ്യോസാണെന്ന് അദ്ദേഹം വിശ്വസിച്ചു. ഇതിനെ തുടർന്ന് 1892 നവംബർ ഏഴിന് മാർ ദീവന്നാസ്യോസ് കൊല്ലം, കൊച്ചി ഇടവകകളിലൊഴികെ മറ്റൊരിടത്തും പ്രവേശിക്കരുതെന്ന് വിലക്കിക്കൊണ്ട് പാത്രിയർക്കീസ് കല്പന അയച്ചു. ഈ കല്പനയിൽ മാർ ദീവന്നാസ്യോസിനെതിരായി അനേകം ആരോപണങ്ങൾ ഉന്നയിക്കുകയും അസോസിയേഷൻ പ്രസിഡന്റ് സ്ഥാനത്തുനിന്നും അദ്ദേഹത്തെ നീക്കുകയും ചെയ്തിരുന്നു.

ഈ കല്പനയെപ്പറ്റി ആലോചിക്കാൻ കൊ. വ. 1068 (1892) വൃശ്ചികം 13-ന് കോട്ടയത്തു സെമിനാരിയിൽ കൂടിയ മാനേജിംഗ് കമ്മിറ്റി താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. മാർ ദീവന്നാസ്യോസിനെപ്പറ്റിയുള്ള ആരോപണങ്ങൾ വ്യാജമാണ്.

2. അദ്ദേഹത്തെ പ്രസിഡന്റ് സ്ഥാനത്തുനിന്നു നീക്കാൻ സാദ്ധ്യമല്ല.

3. പാത്രിയർക്കീസ് ആവശ്യപ്പെട്ടപ്രകാരം ലൗകികാധികാരം സമ്മതിച്ച് ഉടമ്പടി കൊടുക്കാൻ മാനേജിംഗ് കമ്മിറ്റി തയ്യാറല്ല.

4. മാർ ദീവന്നാസ്യോസ് അസോസിയേഷൻ പ്രസിഡന്റ് എന്ന നിലയിൽ പൊതു മേലധികാരിയായിരിക്കും.

5. മലങ്കരയിൽ നിന്നും പാത്രിയർക്കീസിന് എത്തുന്ന പരാതികൾ മാനേജിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടു പ്രകാരം മാത്രമേ തീരുമാനിക്കാവൂ.

പ. പരുമല തിരുമേനിയടക്കം അന്ന് ജീവിച്ചിരുന്ന എല്ലാ മെത്രാന്മാരും ഒപ്പുവച്ച ഈ തീരുമാനം റോയൽ കോടതി വിധിയേക്കാൾ വലിയ പ്രഹരമാണ് പാത്രിയർക്കീസിന് ഏല്പിച്ചത്. ഒരു പടി കൂടി കടന്ന്, 1895 വൃശ്ചികം 10-ന് പ. പരുമല തിരുമേനിയെ *പൊതുവിനടുത്ത കാര്യങ്ങളിൽ പ്രസിഡന്റെറു മെത്രാപ്പോലീത്തായെ സഹായിക്കുന്നതിന്* മലങ്കര മെത്രാന്റെ അസിസ്റ്റന്റായി നിയമിച്ച് മാനേജിംഗ് കമ്മിറ്റി തങ്ങളുടെ അധികാരം ഉറപ്പിക്കുകയും, പാത്രിയർക്കീസിന്റെ വിഭജനവാദം അർത്ഥശങ്കക്കിടയില്ലാത്തവിധം തിരസ്കരിക്കുകയും ചെയ്തു.

കാതോലിക്കാ: ഈ സംഭവ പരമ്പര മൂലം തന്റെ ആത്മീയ അധികാരത്തിന്റെ പരിധിയിൽ വരുന്ന മേല്പട്ടസ്ഥാനം, വി. മൂറോൻ എന്നിവ വെച്ച് പാത്രിയർക്കീസ് ഭാവിയിൽ വിലപേശുമെന്ന് മാർ ദീവന്നാസ്യോസ് അഞ്ചാമനും സഭാനേതൃത്വവും മനസിലാക്കി. മാർ മാത്യൂസ് അത്താനാസ്യോസ് മലങ്കര മെത്രാൻ സ്ഥാനം ലഭിക്കാൻ പാത്രിയർക്കീസിന് അടിയറവെച്ചതും 1899-ലെ റോയൽ കോടതിവിധി മൂലം സ്ഥിരപ്പെട്ടതുമായ ഇത്തരം ആത്മീയ അധികാരങ്ങൾ മലങ്കരയിൽ മടക്കിക്കൊണ്ടുവരിക മാത്രമാണ് ഇതിനുള്ള ഏക പോംവഴി എന്നവർ മനസിലാക്കി. പക്ഷേ ഇത് ഏകപക്ഷീയമായി ചെയ്യാവുന്ന

ഒന്നല്ലായിരുന്നു. അതായത് പാത്രിയർക്കീസ് സ്വമേധയാ വിട്ടുനൽണം. മാത്രമല്ല നിലവിലുള്ള നിയമവ്യവസ്ഥയ്ക്കുള്ളിൽ നിന്നു മാത്രമേ അതു സാദ്ധ്യമാവൂ. അപ്പോഴേയ്ക്കും പാശ്ചാത്യ സുറിയാനി സഭാവിജ്ഞാനീയം മലങ്കരയിൽ ഉറച്ചിരുന്നു. അതിന്റെ അടിസ്ഥാന നിയമസംഹിതയായ ഹൂദായ കാനോൻ പ്രകാരം പാത്രിയർക്കീസ്, മഫ്രിയാനാ, മെത്രാപ്പോലീത്താ എന്നിവർക്കു മേല്പട്ടം കൊടുക്കുവാനും വി. മൂറോൻ കൂദാശ ചെയ്യുവാനും അധികാരമുണ്ടങ്കിലും അന്ത്യോഖ്യാ സഭ നൂറ്റാണ്ടുകളായി മെത്രാപ്പോലീത്തന്മാരെ ഇതിനനുവദിക്കാറില്ല. ഈ സാഹചര്യത്തിലുണ്ടായിരുന്ന ഏക പോംവഴി മദ്ധ്യപൗരസ്ത്യ ദേശത്ത് അസ്തമിച്ചുപോയ മഫ്രിയാനാ സ്ഥാനം മലങ്കരയിൽ സ്ഥാപിക്കുക എന്നതായിരുന്നു. അതിനാലാണ് കോനാട്ട് മാത്തൻ മൽപ്പാൻ, ഇലഞ്ഞിക്കൽ ഇ. ജെ. ജോൺ വക്കീൽ തുടങ്ങിയവർ അതിനായി ശക്തമായി വാദിച്ചത്. പക്ഷേ അതു വിട്ടുകൊടുക്കാൻ പാത്രിയർക്കീസ് തയാറായില്ല.

പിന്നീട് 1912-ൽ അന്ത്യോഖ്യയുടെ പ. ഇഗ്നാത്തിയോസ് അബ്ദൽ മ്ശീഹാ ദ്വിതീയൻ പാത്രിയർക്കീസ് മലങ്കരയിലെത്തി പിന്തുടർച്ചാവകാശത്തോടെ കാതോലിക്കേറ്റ് സ്ഥാപിക്കുകയും പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസു മൂലവും 1889-ലെ റോയൽ കോടതി വിധിമൂലവും തനിക്ക് കരഗതമായ മലങ്കരയുടെ ആത്മീയ അധികാരം നിരുപാധികം മടക്കിനൽകുകയും ചെയ്തു. ഇതിന്റെ നൈയാമികത ശരിവെച്ചുകൊണ്ടാണ് സുപ്രീംകോടതി കാതോലിക്കാ വാഴ്ചയോടെ മലങ്കരമേലുള്ള പാത്രിയർക്കീസിന്റെ ആത്മീയ അധികാരം അസ്തമിക്കുന്ന അവസ്ഥയിൽ (Vanishing point) എത്തി എന്നും, ഒരു പാത്രിയർക്കീസ് നൽകിയ സ്ഥാനം മറ്റൊരു പാത്രിയർക്കീസിന് തിരിച്ചെടുക്കാനാവില്ലെന്നും തീർപ്പാക്കിയത്.

മുടക്കും മുടിപ്പും: ഗീവർഗീസ് തൃതീയൻ മുതൽ പത്രോസ് തൃതീയൻ വരെയുള്ള പാത്രിയർക്കീസന്മാർ ശ്രമിച്ചു പരാജയപ്പെട്ടതും 1889 -ലെ റോയൽ കോടതി വിധി തടയിട്ടതുമായ മലങ്കരയുടെ ലൗകികാധികാരം പിടിച്ചെടുക്കുക എന്ന അജണ്ടയുമായാണ് അബ്ദുള്ളാ ദ്വിതീയൻ പാത്രിയർക്കീസ് കേരളത്തിലെത്തിയത്. പള്ളികളിൽനിന്നും രജിസ്റ്റർ ഉടമ്പടി വാങ്ങാനുള്ള ശ്രമം കേസുകളിലും കലഹത്തിലും സമാപിച്ചു. ലൗകികാധികാരം അടിയറ വയ്ക്കാൻ മാനേജിംഗ് കമ്മിറ്റിയും മലങ്കര മെത്രാപ്പോലീത്തായായ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ആറാമനും വിസമ്മതിച്ചു. ഇതിന്റെ പ്രതികാരമായി വ്യക്തവും നിലനിൽക്കുന്നതുമായ കാരണങ്ങൾ കൂടാതെയും സ്വാഭാവികനീതിക്കു വിരുദ്ധമായും മാർ ദീവന്നാസ്യോസ് ആറാമനെ അബ്ദുള്ള ദ്വിതീയൻ പാത്രിയർക്കീസ് 1911 ഇടവം 26-നു മുടക്കി. എന്നാൽ നിയമവിരുദ്ധമായ മുടക്കിനെ അംഗീകരിക്കാൻ മലങ്കര മെത്രാപ്പോലീത്തായോ മലങ്കരസഭയോ തയാറായില്ല. *അപ്പനുമല്ല ചിറ്റപ്പനുമല്ല രസതന്ത്രം* ഇവിടെയും കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നതിനാൽ തിരുവിതാംകൂറിലും കൊച്ചിയിലും കേസുകളുടെ പരമ്പര ആരംഭിച്ചു. പാത്രിയർക്കീസിന്റെ പരമാധികാരം അഷ്ടബന്ധമിട്ട് ഉറപ്പിക്കുക എന്നതായിരുന്നു മുടക്കിന്റെയും തുടർന്നു നടന്ന കേസുകളുടേയും ആത്യന്തിക ലക്ഷ്യം. പക്ഷേ 1930-തോടെ കേസുകളുടെ പരമ്പര അവസാനിക്കുകയും പാത്രിയർക്കീസും സിൽബന്ധികളും പൂർണ്ണമായി പരാജയപ്പെടുകയും ചെയ്തു.

രണ്ടാം സമരമുഖം: 1934-ൽ പിൻഗാമിയെ തിരഞ്ഞെടുക്കുന്നതിനുമുമ്പ് മാർ ദീവന്നാസ്യോസ് ആറാമൻ മലങ്കര മെത്രാപ്പോലീത്താ കാലംചെയ്തു. അതേ തുടർന്ന് അതേ വർഷം കോട്ടയം എം.ഡി. സെമിനാരിയിൽ ചേർന്ന മലങ്കര അസോസിയേഷൻ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായെ മലങ്കര മെത്രാപ്പോലീത്താ കൂടിയായി തിരഞ്ഞെടുക്കുകയും മലങ്കരസഭ ഭരണഘടന പാസാക്കുകയും ചെയ്തു. തുടർന്ന് കേസുകളുടെ രണ്ടാംഘട്ടം ആരംഭിച്ചു. പാത്രിയർക്കീസിന്റെ പരമാധികാരം എന്ന ആത്യന്തിക ലക്ഷ്യത്തിനു തടസം നിൽക്കുന്ന കാതോലിക്കേറ്റ്, മലങ്കരസഭാ ഭരണഘടന എന്നിവയും ഇത്തവണ കേസിൽ പൊന്തിവന്നു. 1923-ൽ കേരളത്തിലെത്തി പാത്രിയർക്കാ പ്രതിനിധി എന്നവകാശപ്പെട്ട് മഞ്ഞനിക്കരയിൽ വാസം ഉറപ്പിച്ചിരുന്ന മാർ ഏലിയാസ് യൂലിയോസ് എന്ന അറബി മെത്രാനാണ് ഇത്തവണ കേസുകൾക്ക് നേതൃത്വം വഹിച്ചത്. നീതിന്യായവ്യവസ്ഥയുടെ പടവുകൾ കയറിക്കയറി 1958-ൽ ഇന്ത്യൻ സുപ്രീംകോടതി അന്തിമ വിധി പ്രഖ്യാപിച്ചു. അതനുസരിച്ച് കാതോലിക്കേറ്റ്, സഭാ ഭരണഘടന, മലങ്കര മെത്രാന്റെ തിരഞ്ഞെടുപ്പ് ഇവ സാധുവും നിലനിൽക്കുന്നതും എല്ലാവർക്കും ബാധകവുമായി. നിൽക്കക്കള്ളിയില്ലാതെ പാത്രിയർക്കീസ് വിഭാഗം അനുരഞ്ജനത്തിനു ശ്രമിക്കുകയും സഭ അതിനെ ഹൃദയപൂർവം സ്വീകരിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് 1958 ഡിസംബർ 18-ന് പൗരസ്ത്യ കാതോലിക്കായെ നിരുപാധികം അംഗീകരിച്ചുകൊണ്ട് അന്ത്യോഖ്യാ പാത്രിയർക്കീസും, *ഭരണഘടനയ്ക്കു വിധേയമായി പാത്രിയർക്കീസിനെ അംഗീകരിക്കുവാൻ പ്രസാദിച്ചുകൊണ്ട്* പൗരസ്ത്യ കാതോലിക്കായും കൽപ്പനകൾ കൈമാറി. സഭയിൽ സമാധാനം നിലവിൽ വന്നു.

നിഴൽയുദ്ധം: 1958-ലെ സുപ്രീംകോടതി വിധിയെ തുടർന്ന് പൗരസ്ത്യ കാതോലിക്കായെ നിരുപാധികം അംഗീകരിച്ചെങ്കിലും ലൗകികാധികാരത്തിനായി തന്റെ മുൻഗാമി ഗീവർഗീസ് തൃതീയൻ പതിനെട്ടാം നൂറ്റാണ്ടിൽ ആരംഭിച്ച യുദ്ധം അവസാനിപ്പിക്കാൻ പാത്രിയർക്കീസ് തയാറായില്ല. 1960-കളിൽ പാത്രിയർക്കീസ് സ്വയം വാദിയായി ഒരു പള്ളിക്ക് കേസു കൊടുത്തതും, യോജിച്ച സഭയിൽ കണ്ടനാടിന്റെ ജോയിന്റ് മെത്രാൻ മാത്രമായിരുന്ന പൗലൂസ് മാർ പീലക്സീനോസിന് തെക്കൻ ഭദ്രാസനങ്ങളുടെ മുഴുവൻ ചുമതല നൽകി കല്പന ഇറക്കിയതും, ഭരണഘടന സ്വീകരിക്കേണ്ടെന്നു ചില പള്ളികൾക്ക് കല്പന നൽകിയതും ഇതിന്റെ പ്രാരംഭ സൂചനകളായിരുന്നു. പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായുടെ പിൻഗാമിയെ തിരഞ്ഞെടുക്കാനുള്ള അസോസിയേഷൻ യോഗം കോടതി വഴി തടയാൻ ശ്രമിച്ചത് മറ്റൊരു ഒളിപ്പോർ മുറയും.

1964-ൽ പ. ഔഗേൻ പ്രഥമൻ കാതോലിക്കായുടെ സ്ഥാനാരോഹണത്തിന് മലങ്കരസഭാ ഭരണഘടനയിലെ വകുപ്പുകളനുസരിച്ച് അന്ത്യോഖ്യാ പാത്രിയർക്കീസിനെ ക്ഷണിച്ചു. അതനുസരിച്ച് കേരളത്തിലെത്തിയ പാത്രിയർക്കീസ് 1964 മെയ് 22-നു നടക്കേണ്ട സ്ഥാനാരോഹണത്തിനു തൊട്ടുമുമ്പ് കാതോലിക്കാ സിംഹാസനം, മദ്ധ്യപൗരസ്ത്യ ദേശങ്ങളിലെ അധികാരം ഒഴിഞ്ഞു കൊടുക്കണമെന്ന് നാടകീയമായി ആവശ്യപ്പെട്ടു. വികസിച്ചുവരുന്ന ഗൾഫ് രാജ്യങ്ങളിൽ ഉണ്ടായതും ഉണ്ടാകാൻ പോകുന്നതുമായ പള്ളികളിലായിരുന്നു പാത്രിയർക്കീസിന്റെ കണ്ണ്. 1964 മെയ് 21-നു പഴയസെമിനാരിയിൽ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ചേർന്ന് മലങ്കരയിലെ സിംഹാസനം ഒരിക്കലും അധികാരം നടത്തിയിട്ടില്ലാത്ത മദ്ധ്യപൗരസ്ത്യ ദേശത്തേയ്ക്ക് അധികാരം വ്യാപിപ്പിക്കാൻ ഉദ്ദേശ്യമില്ലെന്നും, എന്നാൽ മലയാളികൾ ഉള്ളിടത്തെല്ലാം പള്ളി വെയ്ക്കാൻ മലങ്കരസഭയ്ക്ക് അധികാരമുണ്ടെന്നും വ്യക്തമാക്കി പാത്രിയർക്കീസിനെ അറിയിച്ചു.

തനിയാവർത്തനം: 1960-കളുടെ രണ്ടാം പകുതിയിൽ വീണ്ടും പ്രശ്നങ്ങൾ ഉരുണ്ടുകൂടാൻ തുടങ്ങി. പാത്രിയർക്കീസിന്റെ ലൗകികാധികാരമോഹം ഒരു വശത്തു നിൽക്കുമ്പോൾ മറുവശത്ത് പഴയ *അപ്പനുമല്ല ചിറ്റപ്പനുമല്ല* രസതന്ത്രവും ഇതിനു ത്വരകമായി. മലങ്കരസഭ മെത്രാൻ തിരഞ്ഞെടുപ്പിന് ഉയർന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ചതോടെ ചുവന്നകുപ്പായ മോഹം എന്നെന്നേയ്ക്കുമായി അവസാനിപ്പിക്കേണ്ടി വന്നവർ, സ്ഥാനമാനങ്ങൾ കരഗതമാകാതെ പോയവർ, മെത്രാനെ *പാഠം പഠിപ്പിക്കേണ്ടവർ*, വൈദിക പദവികൾ സ്വപ്നം കാണാൻ മാത്രം യോഗ്യതയുള്ളവർ മുതലായവർ ആ പാളയത്തിലേയ്ക്ക് ചേക്കേറി.

ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണകാലത്ത് തിരുവിതാംകൂറും കൊച്ചിയും പോലുള്ള നാട്ടുരാജ്യങ്ങളിൽ റസിഡന്റായി ഒരു ബ്രിട്ടീഷുകാരനെ നിയമിക്കുമായിരുന്നു. ഇവർ നാട്ടുരാജാക്കന്മാരുടെ ഉപദേശകർ എന്നാണ് വെയ്പ് എങ്കിലും യഥാർത്ഥ ഭരണം കൈയാളിയിരുന്നത് റസിഡന്റുമാരായിരുന്നു. ഇതേ മാതിരി ഒരു അറബി മെത്രാനെ *പാത്രിയർക്കാ പ്രതിനിധി (തഹലൂപ്പാ - ഡെലിഗേറ്റ്)* എന്ന സ്ഥാനത്ത് ഇവിടെ പ്രതിഷ്ഠിക്കുക എന്നത് ഗീവർഗീസ് തൃതീയൻ പാത്രിയർക്കീസിനു മുതലുള്ള സ്വപ്നമായിരുന്നു. *തഹലൂപ്പാ*യിൽക്കൂടി മലങ്കരയെ മേഞ്ഞു ഭരിക്കുകയും *പാത്രിയർക്കാ ഭോഗങ്ങൾ* തടസം കൂടാതെ അങ്ങോട്ട് ഒഴുക്കുകയും ചെയ്യുക എന്നതു തന്നെയായിരുന്നു പാത്രിയർക്കീസിന്റെ ആത്യന്തിക ലക്ഷ്യം. സമാന്തര ഭരണം എന്ന ലക്ഷ്യത്തോടെ ഒരു അറബി മെത്രാനെ ഡെലിഗേറ്റ് ആയി മലങ്കരയിലേയ്ക്ക് നിയോഗിച്ചതോടെ ഒളിപ്പോർ തുറന്ന യുദ്ധമായി മാറി. പ. മാർത്തോമ്മാ ശ്ലീഹായ്ക്ക് പട്ടത്വ നൽവരമില്ലെന്ന് പാത്രിയർക്കീസ് തന്റെ കുപ്രസിദ്ധമായ 203-ാം നമ്പർ കല്പനയിലൂടെ പ്രഖ്യാപിച്ചതോടെ സ്ഥിതിഗതികൾ സ്ഫോടനാത്മകമായി. അജ്ഞരായ ഒരു വിഭാഗം ജനങ്ങളുടെ പാത്രിയർക്കാ ഭക്തിയെ ഇവർ ചൂഷണം ചെയ്തു എന്നതാണ് യാഥാർത്ഥ്യം.

ഈദൃശ വിദ്ധ്വംസക പ്രവർത്തനങ്ങൾക്കെല്ലാം മകുടം ചാർത്തിക്കൊണ്ട്

മലങ്കരസഭയുടെ അറിവും സമ്മതവും കൂടാതെ ആദ്യം മൂന്നു പേരെയും പിന്നീട് അനേകരേയും പാത്രിയർക്കീസ് മെത്രാന്മാരായി വാഴിച്ചു. അതോടെ കേസുകളുടെ പരമ്പര ആരംഭിച്ചു. അനേകം കടമ്പകൾ കടന്ന് 2002-ൽ സുപ്രീംകോടതി ഈ കേസിൽ അന്തിമവിധി പ്രഖ്യാപിച്ചു. 1958-ലെ സുപ്രീംകോടതി വിധി ശരിവച്ച വിധിന്യായത്തിൽ 1934-ലെ ഭരണഘടന നിലനിൽക്കുന്നതും എല്ലാവർക്കും ബാധകവുമാണെന്നും, കാതോലിക്കാ സ്ഥാപനത്തോടെ പാത്രിയർക്കീസിന്റെ ആത്മീയ അധികാരം ശൂന്യമാകുന്ന നിലയിലെത്തിയെന്നും കോടതി വിലയിരുത്തി. സഭൈക്യത്തിന് സുപ്രീംകോടതി തന്നെ മുൻകൈയെടുത്തു. കോടതിയുടെ മേൽനോട്ടത്തിൽ പരുമലയിൽ 2002 മാർച്ച് 20-ന് മലങ്കര അസോസിയേഷൻ വിളിച്ചു കൂട്ടി. ഇതിനിടയിൽ അന്ത്യോഖ്യാ പാത്രിയർക്കീസും സമാധാന താത്പര്യം പ്രകടിപ്പിച്ചിരുന്നു.

വർത്തമാനകാലം: എന്നാൽ വിഘടിതവിഭാഗം പരുമല അസോസിയേഷൻ ബഹിഷ്ക്കരിച്ചു. പകരം സുപ്രീംകോടതിയുടെ ഐക്യശ്രമങ്ങളെ തകിടംമറിച്ചുകൊണ്ട് 2002-ൽ പുത്തൻകുരിശു കേന്ദ്രമാക്കി *ജാക്കൊബൈറ്റ് സിറിയൻ ക്രിസ്ത്യൻ ചർച്ച്* എന്നൊരു സൊസൈറ്റി രജിസ്റ്റർ ചെയ്തു മലങ്കരസഭയ്ക്ക് സ്വയം ഇതരരായി. പാത്രിയർക്കീസ് പരമാധികാരിയാണെന്നു പ്രഖ്യാപിക്കുന്നുണ്ടെങ്കിലും, മുൻ പാത്രിയർക്കീസുവിഭാഗത്തിലെ ഒരു ഭാഗം അതിനോടൊപ്പമുണ്ടെങ്കിലും 1971-1995 കാലത്തു നിലനിന്ന പാത്രിയർക്കീസു കക്ഷിയുടെ നൈയാമികമായോ ധാർമ്മികമായോ ഉള്ള പിന്തുടർച്ച ഇതിന് അവകാശപ്പെടാനാവില്ല. പല കാരണങ്ങൾ കൊണ്ട് 1911 മുതൽ വിവിധ പേരുകളിൽ അറിയപ്പെട്ട പാത്രിയർക്കീസു കക്ഷികളുടേതുപോലെ യാതൊരു താത്വിക അടിത്തറയും ഈ വിശ്വാമിത്ര സൃഷ്ടിക്ക് ഇല്ലെന്നതാണ് അവയിൽ പ്രധാനം. 1911-1928 കാലത്ത് മുടക്കും പട്ടത്വ നൽവരവുമായിരുന്നു സൈദ്ധാന്തിക പ്രശ്നം. 1935-58-ൽ അത് ഭരണഘടനയുടെ സാധുത്വവും കാതോലിക്കേറ്റുമായി. 1971-95-ൽ മാർത്തോമ്മാ ശ്ലീഹായുടെ പട്ടത്വവും സിംഹാസനവുമായിരുന്നു വിഷയം എന്നു വേണമെങ്കിൽ പറയാം. ഈ കാലത്തിനിടയിൽ ഒരിക്കൽപ്പോലും ഓറിയന്റൽ സഭകളുടെ ഓർത്തഡോക്സ് വിശ്വാസത്തിൽ നിന്നും വ്യതിചലിക്കുന്നതിനെപ്പറ്റി പാത്രിയർക്കീസു കക്ഷി ചിന്തിച്ചിരുന്നില്ല.

എന്നാൽ ഇന്നത്തെ സംവിധാനത്തിന് അതൊന്നുമില്ല. റോമൻ കത്തോലിക്കാ സഭയുമായി വി. കുർബാന സംസർഗ്ഗം സ്ഥാപിക്കുകയും അതേസമയം പെന്തക്കോസ്തുകാരും ഇതര പ്രൊട്ടസ്റ്റന്റ് സഭകളുമായി *സഹകരണ* ചർച്ചകൾ നടത്തുകയും ചെയ്യുന്ന വിചിത്രമായ അവസരവാദ നിലപാടുകൾ മാത്രമാണ് ഇന്ന് ഈ നവീന സൃഷ്ടിക്കുള്ളത്. വെറുപ്പിന്റെ തത്വശാസ്ത്രമൊഴികെ മറ്റൊരു ആശയ അടിത്തറയും ഇവർക്കില്ല. അന്ത്യോഖ്യാ പാത്രിയർക്കീസിനെ ജനവഞ്ചനയ്ക്കുള്ള ഒരു മറയായി ഉയർത്തിക്കാട്ടുന്നു എന്നതൊഴികെ അദ്ദേഹത്തിന് ഈ പ്രസ്ഥാനത്തിന്റെ നടത്തിപ്പിൽ യാതൊരു സംബന്ധവുമില്ല.

1911 മുതൽ 1995 വരെ നിലനിന്ന പാത്രിയർക്കീസ് കക്ഷികൾ സഭയുടെ വിഭജനത്തേപ്പറ്റി ഒരിക്കലും ചിന്തിച്ചിട്ടു കൂടിയില്ല. തങ്ങളുടെ ആശയഗതിയ്ക്കും അധികാരത്തിനും കീഴിൽ മുഴുവൻ സഭയേയും കൊണ്ടുവരിക എന്നതായിരുന്നു അവരുടെ ലക്ഷ്യം. അത് അസാദ്ധ്യമായപ്പോൾ നിയമവ്യവസ്ഥയ്ക്ക് വിധേയപ്പെടുവാനും അവർ തയാറായി. എന്നാൽ പുത്തൻകുരിശു സൊസൈറ്റിയുടെ മുദ്രാവാക്യം വിഭജനമാണ്. ഭരണ-നിയമ സംവിധാനങ്ങൾ നിലവിലിരിക്കുന്നത് ഇഷ്ടപ്പെടാത്ത ഒരുപറ്റം സ്വാർത്ഥമോഹികൾ അതിനെ പ്രോൽസാഹിപ്പിക്കുന്നു. വിഭജനം ക്രൈസ്തവേതരമാണെന്നതൊന്നും ഇത്തരക്കാർക്ക് പ്രശ്നമല്ല. വെറുപ്പിന്റെ തത്വശാസ്ത്രം പ്രചരിപ്പിക്കുകയും, അക്രമവും നിയമധ്വംസനവും നിർബാധം നടത്തുകയും ചെയ്യുന്ന ഒരു സമൂഹത്തിനും ക്ഷണികമല്ലാതെ ദീർഘകാല നിലനിൽപ്പില്ലെന്ന ചരിത്രസത്യവും ഇവർ മനസിലാക്കുന്നില്ല. ഇന്നത്തെ നിലയിൽ നാമമാത്രമായെങ്കിലും പുത്തൻകുരിശു സൊസൈറ്റിയുടെ അധിപനെന്നു വിശേഷിപ്പിക്കപ്പെടുന്നത് ഒരു പുരാതന സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന അന്ത്യോഖ്യാ പാത്രിയർക്കീസു ബാവായ്ക്ക് അപമാനമാണ്.

പാത്രിയർക്കീസു കക്ഷിയുടെ പിന്തുടർച്ചക്കാർ എന്നു അവകാശപ്പെടുന്ന പുത്തൻകുരിശു സൊസൈറ്റിയെ ഒറ്റവാക്കിൽ വ്യാഖ്യാനിച്ചാൽ *എപ്പിസ്കോപ്പൽ തിണ്ടാട്ടം* (*epscopi vagantes*) എന്നു പറയേണ്ടി വരും. യാതൊരു മാനദണ്ഡവുമില്ലാതെ മെത്രാൻ, കോറി, കത്തനാർ ശെമ്മാശ് മുതലായ വൈദിക സ്ഥാനികളെ സൃഷ്ടിക്കുന്ന ഒരു സംവിധാനം. അവർ കാട്ടിക്കൂട്ടുന്ന വിക്രിയകൾ ദൃശ്യ-അച്ചടി മാധ്യമദ്വാരാ പ്രചരിക്കുന്നതിൽ നിന്നും മറ്റൊരു നിഗമനത്തിലെത്താനാവില്ല.

യാക്കോബായ: വളരെയധികം തെറ്റിദ്ധരിക്കപ്പെട്ട ഒന്നാണ് ഒരു കാലത്ത് മലങ്കരസഭ അറിയപ്പെട്ടിരുന്ന *യാക്കോബായ* എന്ന പേര്. യാഥാർത്ഥത്തിൽ ഇത് ഓറിയന്റൽ സഭകൾക്ക് പൊതുവായി ലഭിച്ച ഒരു പരിഹാസപ്പേരാണ്. കൽക്കദോന്യ സുന്നഹദോസിനെ അംഗീകരിക്കാത്ത ഓറിയന്റൽ സഭകളെ വേദവിപരീതികളായാണ് കൽക്കദോൻ അനുകൂലികൾ കണക്കാക്കിയത്. അവർക്ക് നേതൃത്വം നൽകിയ യാക്കോബ് ബുർദ്ദാനായുമായി ബന്ധപ്പെടുത്തി അറിയോസുകാർ, നെസ്തോറിയർ എന്നതുപോലെ *യാക്കോബായ വേദവിപരീതികൾ* എന്ന കൽക്കദോൻ വിരുദ്ധരെ അവർ പ്രതിപാദിച്ചു. യൂറോപ്പിൽ ഈ പേരിലാണ് കോപ്റ്റിക്-അന്ത്യോഖ്യൻ സഭകൾ അറിയപ്പെട്ടത്.

മുകളിൽ സൂചിപ്പിച്ചതുപോലെ 1665-ൽ മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീദ് മാർത്തോമ്മാ ഒന്നാമന്റെ മേല്പട്ടസ്ഥാനം ക്രമപ്പെടുത്തി. അതോടെ കൊച്ചിയിലെ ലത്തീൻ മെത്രാൻ നസ്രാണികളെ പിന്തുടർച്ചയും *പാരമ്പര്യവുമില്ലാത്ത നൂതന യാക്കോബായക്കാർ* എന്നു വിശേഷിപ്പിച്ചു. പക്ഷേ അന്ന് ഈ പേരിന് പ്രചാരം ലഭിച്ചില്ല. പത്തൊമ്പതാം നൂറ്റാണ്ടു വരെ *പുത്തൻകൂർ സുറിയാനിക്കാർ* എന്നു മാത്രമാണ് തിരുവിതാംകൂർ-കൊച്ചി സർക്കാർ രേഖകളിൽ നസ്രാണികളെ പ്രതിപാദിച്ചുവന്നിരുന്നത്. യൂറോപ്യൻ രേഖകളിൽ അപൂർവമായി *യാക്കോബായ* എന്നും. ഇതേ കാലത്തെ സുറിയാനി രേഖകളിൽ യഥാർത്ഥ നാമമായ *ഓർത്തോദോക്സോ* അഥവാ *ത്രൈസെശുബ്ഹോ* എന്നു മാത്രമാണ് പ്രതിപാദിക്കുന്നത്. ദൗർഭാഗ്യകരമെന്നു പറയാം, കഴിഞ്ഞ നൂറ്റാണ്ടുകളിൽ അന്ത്യോഖ്യൻ സഭ യാക്കോബായ എന്നത് സ്വന്തം സ്വത്വ പ്രകടനത്തിനു അപൂർവമായെങ്കിലും ഉപയോഗിച്ചിരുന്നു. പക്ഷേ ഇന്ന് അവർ *യാക്കോബായ* ഉപയോഗിക്കുന്നില്ല. *അന്ത്യോഖ്യൻ സിറിയക്ക് ഓർത്തഡോക്സ് സഭ* എന്നാണ് അവരുടെ ഔദ്യോഗിക നാമം.

യഥാർത്ഥത്തിൽ ബ്രിട്ടീഷുകാരാണ് *യാക്കോബായ* എന്ന പേരിന് ഇത്രയും പ്രചാരം കൊടുത്തത്. കൽക്കദോന്യാ-ഇതര വേദശാസ്ത്രം പിന്തുടരുന്നവർ *യാക്കോബായ* എന്നു മാത്രമാണ് അവരുടെ ശബ്ദകോശത്തിൽ പരാമർശിക്കപ്പെട്ടിരുന്നത്. ആംഗ്ലിക്കൻ സഭയുടെ യൂറോപ്യൻ പശ്ചാത്തലവും റോമൻ കത്തോലിക്കാ മൂലവുമായിരുന്നു അതിനു കാരണം. പത്തൊമ്പതാം നൂറ്റാണ്ടിൽ അവരുമായുള്ള എഴുത്തുകുത്തുകളിൽ *യാക്കോബായ* കടന്നുവരാൻ തുടങ്ങി. പാലക്കുന്നത്തു മാർ മാത്യൂസ് അത്താനാസ്യോസും പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമനും തമ്മിലുള്ള അധികാര വടംവലിയിൽ ഇത് സർവ്വസാധാരണമായി ഉപയോഗിച്ചു. അതോടെ യാക്കോബായയ്ക്ക് ഏതാണ്ടൊരു ഔദ്യോഗിക ഛായ വന്നു. 1934-ലെ സഭാ ഭരണഘടന ഈ വിഷയം പ്രതിപാദിക്കുകയും *യാക്കോബായ* എന്ന പരിഹാസപ്പേരിന് പകരം *ഓർത്തഡോക്സ്* എന്ന യഥാർത്ഥ നാമം പുനഃസ്ഥാപിക്കുകയും ചെയ്തു.

ഉപസംഹാരം: 1665-ൽ *ക്രമാനുസൃത പട്ടത്വം* എന്ന കടമ്പ കടക്കാനാണ് അന്ത്യോഖ്യൻ സഭ സഹായത്തിന്റെ ദൗത്യവുമായി മലങ്കരയിലെത്തിയത്. തുടർന്ന് ഓർത്തഡോക്സ് വിശ്വാസം പുനഃസ്ഥാപിക്കുവാനും ആരാധനക്രമങ്ങളുടെ ഏകീകരണത്തിനും അവരിൽ ചിലർ സഹായിച്ചു. പ. അബ്ദൽ മ്ശീഹാ പ്രഥമൻ പാത്രിയർക്കീസ് ആരംഭിച്ച ഈ ദൗത്യം 1912-ൽ പ. അബ്ദൽ മ്ശീഹാ ദ്വിതീയൻ പാത്രിയർക്കീസ് മലങ്കരയിലെ കാതോലിക്കേറ്റ് സ്ഥാപനത്തിലൂടെ പൂർത്തീകരിച്ചു. ഇക്കാര്യങ്ങളിലൊക്കെ മലങ്കരസഭയ്ക്ക് അന്ത്യോഖ്യൻ സഭയോട് നന്ദിയും കടപ്പാടുമുണ്ട്. അതിനാലാണ് 1934-ലെ മലങ്കരസഭാ ഭരണഘടനയിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന് *സമന്മാരിൽ മുമ്പൻ* എന്ന സ്ഥാനം നൽകിയിരിക്കുന്നതും പ്രാർത്ഥനകളിൽ ഓർക്കുന്നതും. അവയൊന്നും ഭേദഗതി ചെയ്യുവാൻ മലങ്കരസഭ തയാറല്ല.

സമീപകാലത്ത് ചിലർ ഉയർത്തുന്ന ഒരു ചോദ്യമുണ്ട്. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരം വേണ്ടെങ്കിൽ അവിടെ നിന്നു സ്വീകരിച്ച പട്ടത്വചിഹ്നങ്ങളും വൈദിക വസ്ത്രവും മലങ്കരസഭയ്ക്ക് ഉപേക്ഷിച്ചുകൂടേ? അജ്ഞതയിൽ നിന്നും ഉടലെടുത്ത ഈ ചോദ്യം തന്നെ ബാലിശമാണ്. കാരണം, കൊടുക്കൽ വാങ്ങലുകൾ നടത്താത്ത ഒരു പ്രസ്ഥാനവും (വിശിഷ്യാ സഭകൾ) ലോകത്തില്ല. അന്ത്യോഖ്യൻ സഭയുടെ വേദശാസ്ത്രംതന്നെ അലക്സാണ്ട്രിയൻ സഭയുടെ സംഭാവനയാണ്. അതിനാൽ അന്ത്യോഖ്യാ പാത്രിയർക്കീസ് കോപ്റ്റിക് പോപ്പിന്റെ മേലധികാരം അംഗീകരിക്കുന്നുണ്ടോ? അവരുടെ സപ്ത കൂദാശകൾ എന്ന സങ്കല്പം റോമൻ കത്തോലിക്കാ സംഭാവനയും! 1947-ൽ

ഇന്ത്യ ബ്രിട്ടീഷ് ആധിപത്യം അവസാനിപ്പിച്ച് അവരെ കെട്ടുകെട്ടിച്ചപ്പോൾ എന്തുകൊണ്ട് അവർ കൊണ്ടുവന്ന റെയിൽവേ, ഇലക്ട്രിസിറ്റി, ടെലിഫോൺ മുതലായവ ത്യജിച്ച് അവർക്ക് മടക്കിക്കൊടുത്തില്ല? തങ്ങളുടെ അടിമ മനഃസ്ഥിതിയ്ക്ക് പിൻബലം നൽകുവാൻ ഇത്തരം ചോദ്യം ഉന്നയിക്കുന്നവക്ക് അവർ ഇടുന്ന വെളുത്ത കമ്മീശ് പേർഷ്യൻ സഭയുടേയും, കാസക്ക് ആംഗ്ലിക്കൻ സഭയുടേയും പൈതൃകമുള്ളതാണെന്ന് അറിവില്ല!

മലങ്കരയിൽ അന്ത്യോഖ്യാ പാത്രിയർക്കീസിനെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന അനേകരുണ്ട്. അവരെ തെറ്റിദ്ധരിപ്പിച്ചും അവരുടെ വികാരങ്ങളെ ചൂഷണം ചെയ്തുമാണ് വിഘടിത വിഭാഗം ഇന്നു നിലനിൽക്കുന്നത്. പാത്രിയർക്കീസിന് അർഹമായ ബഹുമാനം ലഭിക്കുന്ന സാഹചര്യത്തിൽ പുനരൈക്യത്തിന് അവർ എതിരുമല്ല. വിവര സാങ്കേതികവിദ്യ വികസിച്ച ഇക്കാലഘട്ടത്തിൽ പുത്തൻകുരിശു സൊസൈറ്റി അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പേരുപയോഗിച്ചു നടത്തുന്ന കപടനാടകം ഇവർ തിരിച്ചറിഞ്ഞു വരികയാണ്. അത് അതിവേഗം വ്യാപിക്കും. അതോടെ വിഭജനവാദികൾ മലവെള്ളപ്പാച്ചിലിലെന്നപോലെ ഒലിച്ചുപോകും. അന്ന് മലങ്കരസഭ ഒന്നാകും. കാരണം വെറുപ്പിന്റെ തത്വശാസ്ത്രത്തിന് ദീർഘായുസില്ല.

(തുടരും)



അഞ്ചേകാലും കോപ്പും കൈമാറി

കോലഞ്ചേരി: പുത്തൻകുരിശ് സെന്റ്. പീറ്റേഴ്സ് ആൻഡ് സെന്റ്. പോൾസ് ഓർത്തഡോക്സ് പള്ളിയിലെ കുംഭം രണ്ട് പെരുന്നാളിനോട് അനുബന്ധിച്ചു അഞ്ചേകാലും കോപ്പും കൈമാറി. പുത്തൻകുരിശ് പള്ളി നിർമ്മിക്കുവാൻ സ്ഥലം നൽകിയ കുളത്തനായിട്ട് കർത്താക്കന്മാരെ അനുസ്മരിച്ചു കൊണ്ട് അവരോടുള്ള നന്ദി സൂചകമായും ആദരസൂചകമായും ആ കുടുംബത്തിലെ ഇന്നത്തെ തലമുറയിൽ പെട്ട കുളത്താനായിട്ട് ബാലകൃഷ്ണൻ കർത്താക്കും കുടുംബത്തിനും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് വേണ്ടിയും പ്രത്യേകാൽ ഇടവകക്കുവേണ്ടിയും ഇടവക മെത്രാപോലീത്ത ഡോ. മാത്യൂസ് മാർ സേവേറിയോസ് അഞ്ചേകാലും കോപ്പും എന്ന പതിവ് ഉപഹാരം നൽകി.



കോട്ടയം മെത്രാസനത്തിന്റെ നേതൃത്വത്തിൽ മലങ്കര സഭയോടുള്ള കേരളാ ഗവൺമെന്റിന്റെ നീതിരഹിത പ്രവർത്തനങ്ങൾക്കെതിരെ പ്രതിഷേധയോഗം പുതുപ്പള്ളി പള്ളിയിൽ നടത്തപ്പെട്ടു.



അനുകമ്പ, ഔദാര്യം, കരുതൽ വലിയ നോമ്പിന്റെ മുഖമുദ്ര: മാർ യൗസേബിയോസ്

വള്ളികുന്നം: വലിയ നോമ്പിലേക്ക് പ്രവേശിക്കുമ്പോൾ വലിയ നോമ്പിന്റെ ആത്മിയ മുഖമുദ്രകളായ പ്രാർത്ഥന, ഔദാര്യം,അനുകമ്പ, കരുതൽ എന്നിവ നാം ധരിക്കണം. ജീവകാരുണ്യ കരുതൽ ആത്മിയ ജിവിതത്തെ പുഷ്ടിപെടുത്തുന്നു. പ്രാർത്ഥനയോഗം ദക്ഷിണമേഖല സമ്മേളനം വള്ളികുന്നം സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകയിൽ ഉത്ഘാടനം ചെയ്യുകയായിരുന്നു മാവേലിക്കര ഭദ്രാസന സഹായ മെത്രാപ്പോലീത്ത അലക്സിയോസ് മാർ യൗസേബിയോസ്.

വള്ളികുന്നം പഞ്ചായത്തിലെ മികച്ച കർഷകനായി തിരഞ്ഞെടുക്കപ്പെട്ട സജി തോമസ്സിനെ അനുമോദിച്ചു. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ബിനു ഈശോ അദ്ധ്യക്ഷത വഹിച്ചു. ഫാ.റോയി തങ്കച്ചൻ മുഖ്യപ്രഭാഷണം നടത്തി. ഫാ. എൻ. ജി. ഫിലിപ്പ്, ഫാ. വി. തോമസ്, ഇടവക വികാരി ഫാ. കോശി മാത്യൂ, ഫാ. ജസ്റ്റിൻ അനിയൻ, സി. റ്റി. ബേബി കുട്ടി, എബിൻ ബേബി, ജനറൽ സെക്രട്ടറി അഡ്വ. ബിജു കെ. വർഗ്ഗീസ്, പി. എസ്. ജോയി, മാമ്മൻ അലക ്സാണ്ടർ, എ. ഡി. ഫിലിപ്പ്. തോമസ്സ് വർഗ്ഗിസ്, മാത്യു കെ. തമ്പാൻ, എം. ഏബ്രഹാം, ഷൈനി ഷാജി, ലിസ്സി ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു

എം ജി യൂണിവേഴ്സിറ്റി പി. ജി ജേർണലിസം പരീക്ഷയിൽ ഒമ്പതാം റാങ്ക് കരസ്ഥമാക്കിയ പിറവം മണ്ണുക്കുന്നു സെന്റ് മേരീസ് ഓർത്തഡോക്ൾസ് കത്തീഡ്രൽ ഇടവക അംഗം രോഹിത് പുത്തൂരാൻ

